Deivarajyam January 2018
I R.N.7623/63
Registered No. KL/ALY/0020/2017-2019 I R.N. 7623/1963
Date of publication: 1/1/2018
I Posted at Thodupuzha Stg.
Annual Subscription ₹ 100.00



St. Kuriakose Elias Chavara



St. John The Baptist



St. Sebastian



St. Thomas Aquinas




The Four Evangelists

**Printed at Sanjo Offset Press, Kothamangalam**
**Editor, Printer & Publisher Rev. Dr. George Thekkekara**
**Bishop's House, Kothamangalam - 686 691**

ജനുവരി 2018 വാല്യം 57 ലക്കം 1

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ



## നവവൈദികർക്ക് രൂപതാകുടുംബത്തിന്റെ
## അഭിനന്ദനങ്ങളും ആശംസകളും



***Fr. Jose Kanjirakombil***
***Kolady***
***26 Dec. 2017***
***Mob: 8078828399***



***Fr. Alex Thanikunnel***
***Kalloorkad***
***27 Dec. 2017***
***Mob:9946257155***



***Fr. Martin Kachiraparekudiyil***
***Meenkunnam***
***28 Dec. 2017***
***Mob:9645506623***



***Fr. Antony Vilayapillil***
***Vazhapilly East***
***30 Dec. 2017***
***Mob:8078823782***



***Fr. Joseph Kunnumpurath***
***Thommankuth***
***1 Jan. 2018***
***Mob: 8078918568***



***Fr. Paul Akkapadickal***
***Muthalakodam***
***2 Jan.2018***
***Mob: 9562882829***



ക്രിസ്തുമസിനോടനുബന്ധിച്ച് അഭിവന്ദ്യ പിതാവ്
മൂവാറ്റുപുഴ സബ്ജയിൽ സന്ദർശിച്ച്
വിശുദ്ധബലി അർപ്പിച്ച് ആശംസകൾ നേർന്നു.

# ദൈവരാജ്യം




*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor, Printer & Publisher*
**Rev. Dr. George Thekkekara**

വാല്യം 57
ജനുവരി 2018
ലക്കം 1

The Eparchial Curia
Bishop's House, P.B. No.6
Kothamangalam - 686 691
Mob. 8281946306
bishophouseklm@gmail.com

## ഉള്ളടക്കം

5 അമ്പത്തൊന്നാം ലോകസമാധാനദിനാചരണം
12 2018 ജനുവരി 15 കർഷകദിനം
16 രൂപതക്കച്ചേരി
23 മൈനർ സെമിനാരി
24 വിജ്ഞാനഭവൻ
28 വിദ്യാഭ്യാസം
30 സോഷ്യൽ സർവീസ്
31 തിരുബാലസഖ്യം
31 ചെറുപുഷ്പ മിഷൻലീഗ്
32 കെ. സി. എസ്. എൽ.
34 ഫാമിലി അപ്പോസ്റ്റലേറ്റ്
35 മാതൃവേദി
36 പിതൃവേദി
36 ഡി. എഫ്. സി.
38 യുവദീപ്തി
38 ജീസസ് യൂത്ത്
39 എ. കെ. സി. സി.
40 ഇൻഫാം
41 എമ്മാനുവൽ റിട്രീറ്റ് സെന്റർ
42 അല്മായഫ്രാൻസിസ്കൻ സഭ
43 പ്രാർത്ഥനാഗ്രൂപ്പ്
44 സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
45 കേരള ലേബർ മൂവ്മെന്റ്
46 നെസ്റ്റ് പ്രോഗ്രാം
46 തിരുനാൾ മംഗളങ്ങൾ
47 രൂപതാദ്ധ്യക്ഷന്റെ ഡയറി
49 **Bishop's Engagements**
49 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
50 നിര്യാതരായി



## ഓർമ്മിക്കാൻ

**2** - KCSL ആനിമേറ്റേഴ്സ് സംഗമം
” - മാതൃവേദി രൂപതാ ഇലക്ഷൻ
**3** - KLM രൂപതാ എക്സിക്യൂട്ടീവ്
**3–5** - Pre-Marriage Course
**6–12** - സീറോമലബാർ പ്രേഷിതവാരം
**15** - കർഷകദിനം
**17** - ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ എക്സിക്യൂട്ടീവ്
**17–19** - Pre-Marriage Course
**18–25** - സഭൈക്യവാരം
**23** - മാതൃവേദി രൂപതാവാർഷികം
**27** - CML ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്
**28** - X, XI, XII - രണ്ടാം സെമസ്റ്റർ പരീക്ഷ
**30** - ലോകസമാധാനദിനം
” - Presbyterium

## തിരുനാളുകൾ

01 : നമ്മുടെ കർത്താവിന്റെ നാമകരണം
03 : വി. ചാവറ കുര്യാക്കോസ് ഏലിയാസ്
05 : ദൈവമാതൃത്വതിരുനാൾ
06 : ദനഹാത്തിരുനാൾ
12 : വി. യോഹന്നാൻ മാംദാന
20 : വി. സെബസ്ത്യാനോസ്
26 : വി. സുവിശേഷകന്മാർ
27 : വി. തോമസ് അക്വീനാസ്

Ref: 3053/K-5/KCBC/OL/DS 11.12.2017

# അമ്പത്തൊന്നാം ലോകസമാധാനദിനാചരണം

## ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

### ജനുവരി 1, 2018

### *കുടിയേറ്റക്കാരും അഭയാർഥികളും: സമാധാനം തേടുന്ന സ്ത്രീപുരുഷന്മാർ*

**1. ഹൃദയപൂർവകമായ സമാധാനാശംസ**

ഭൂമിയിലെ എല്ലാ ജനതകൾക്കും എല്ലാ രാഷ്ട്രങ്ങൾക്കും സമാധാനം! ക്രിസ്തുമസ് രാത്രിയിൽ മാലാഖ ആശംസിച്ച സമാധാനം എല്ലാവർക്കും അഗാധമായ പ്രചോദനമാണ് – ഓരോ വ്യക്തിക്കും എല്ലാ ജനതകൾക്കും പ്രത്യേകിച്ച്, അതിന്റെ അഭാവം ഏറ്റവും തീവ്രമായി സഹിക്കുന്നവർക്ക്. ഞാൻ അവരെപ്പറ്റി സ്ഥിരം ഓർമ്മിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്. അവരിൽ ലോകത്തെങ്ങുമുള്ള 250 മില്യൻ കുടിയേറ്റക്കാരുണ്ട്. അവരിൽത്തന്നെ 22.5 മില്യൻ അഭയാർഥികളാണ്. എന്റെ പ്രിയപ്പെട്ട മുൻഗാമിയായ ബനഡിക്റ്റ് 16–ാമൻ മാർപാപ്പാ അവരെക്കുറിച്ച് ഇങ്ങനെ പറഞ്ഞു: "സമാധാനത്തോടെ ജീവിക്കാനുള്ള ഒരിടം അന്വേഷിക്കുന്ന സ്ത്രീകളും പുരുഷന്മാരും യുവാക്കളും വൃദ്ധജനങ്ങളും ആ സമാധാനം കണ്ടെത്താൻ, യാത്രയിൽ ജീവന്റെ അപകടസാധ്യത ഏറ്റെടുക്കാൻ, തയ്യാറാണ്. അവരുടെ യാത്ര സുദീർഘവും അപകടകരവുമാണ്. അവർ ക്ലേശങ്ങളും പീഡകളും സഹിക്കുന്നു. ലക്ഷ്യത്തിൽനിന്ന് അവരെ അകറ്റിനിറുത്തുന്ന വേലിക്കെട്ടുകളും മതിലുകളും അവർ കാണുന്നു. പീഡനവും ദാരിദ്ര്യവും പരിസ്ഥിതി തകർച്ചയും മൂലം മാതൃദേശം വിട്ടുപോകുന്നവരെ സഹതാപത്തിന്റെ ചൈതന്യത്തോടെ നാം ആശ്ലേഷിക്കണം."

മറ്റുള്ളവരുടെ സഹനത്തിനു നേരെ ഹൃദയം തുറക്കുന്നതു മാത്രം മതിയാവുകയില്ലെന്നു നമുക്കറിയാം. നമ്മുടെ സഹോദരീസഹോദരന്മാർക്ക് സുരക്ഷിത ഭവനത്തിൽ വീണ്ടും സമാധാനപൂർവം ജീവിക്കാൻ കഴിയുന്നതിനുമുമ്പ് നാം വളരെ കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ട്. മറ്റുള്ളവരെ സ്വാഗതം ചെയ്യുന്നതിന് വസ്തുനിഷ്ഠമായ സമർപ്പണം ആവശ്യമാണ്. സഹായത്തിന്റെയും സന്മനസിന്റെയും നെറ്റുവർക്ക് ആവശ്യമാണ്. സൂക്ഷ്മവും സഹതാപപൂർണവുമായ ശ്രദ്ധയും വേണം.



സങ്കീർണവും നവീനവുമായ അസംഖ്യം ആധുനികപ്രശ്നങ്ങളെ ഉത്തരവാദിത്വപൂർവം കൈകാര്യം ചെയ്യണം. ഈ പ്രശ്നങ്ങളിൽ എപ്പോഴും പരിമിതമായിരിക്കുന്ന വിഭവങ്ങളുടെ കാര്യം പറയേണ്ടതില്ലല്ലോ. അവരെ സ്വാഗതം ചെയ്യാനും വളർത്താനും സംരക്ഷിക്കാനും ഉദ്ഗ്രഥിക്കാനും പുതിയൊരു സമൂഹത്തിന്റെ ഭാഗങ്ങളാക്കിത്തീർക്കാനും രാഷ്ട്രീയനേതാക്കൾ വിവേകം എന്ന ഗുണം അഭ്യസിച്ചുകൊണ്ട് പ്രായോഗിക മാനങ്ങൾ സ്വീകരിക്കണം. "പൊതുനന്മയെക്കുറിച്ചുള്ള ശരിയായ ധാരണയുടെ പരിധിക്കുള്ളിൽനിന്ന് അങ്ങനെ ചെയ്യണം." നേതാക്കന്മാർക്ക് അവരുടെ സമൂഹത്തെ സംബന്ധിച്ച് വ്യക്തമായ ഉത്തരവാദിത്വമുണ്ട്. അതിന്റെ നിയമാനുസൃതമായ അവകാശങ്ങളും ഏകതാളമായ വികസനവും അവർ ഉറപ്പുവരുത്തണം – പണിയാൻ തുടങ്ങിയ ഗോപുരം പണിതീർക്കുന്നതിൽ പരാജയപ്പെടുന്ന വിഡ്ഢിയായ നിർമ്മാതാവിനെപ്പോലെയാകാതിരിക്കാൻ വേണ്ടിത്തന്നെ.

**2. എന്തുകൊണ്ട് ഇത്രമാത്രം അഭയാർത്ഥികളും കുടിയേറ്റക്കാരും?**

മാലാഖമാർ ബേത്ലഹേമിൽ സമാധാനം പ്രഘോഷിച്ചിട്ട് രണ്ടായിരം വർഷമായപ്പോൾ നടത്തിയ മഹാജൂബിലിയെപ്പറ്റി ചിന്തിച്ചുകൊണ്ട് വിശുദ്ധ ജോൺപോൾ 2–ാമൻ മാർപാപ്പാ ഒരു വസ്തുത ചൂണ്ടിക്കാണിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ സവിശേഷതയായിരിക്കുന്ന "യുദ്ധങ്ങളുടെയും സംഘട്ടനങ്ങളുടെയും വംശഹത്യകളുടെയും വംശനിർമാർജനത്തിന്റെയും അവസാനിക്കാത്തതും ഭീതിജനകവുമായ അനന്തരഫലങ്ങളിൽ ഒന്നാണ് വ്യക്തികളുടെ സ്ഥാനചലനത്തിനുള്ള കാരണ"മെന്നാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. ഇന്നോളം പുതിയ നൂറ്റാണ്ട് അതിൽനിന്നു മാറിയിട്ടില്ല. ആയുധങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള സംഘട്ടനങ്ങളും സംഘടിതമായ അക്രമത്തിന്റെ മറ്റു രൂപങ്ങളും രാഷ്ട്രങ്ങളുടെ അതിരുകളിലേക്കും അപ്പുറത്തേക്കും ജനങ്ങളെ ചലിപ്പിച്ചുകൊണ്ടേയിരിക്കുന്നു.

മറ്റു കാരണങ്ങളാലും ജനങ്ങൾ കുടിയേറുന്നുണ്ട്. പ്രധാനമായും "അവർ കൂടുതൽ നല്ല ജീവിതം ആഗ്രഹിക്കുന്നതുകൊണ്ട് അങ്ങനെ ചെയ്യുന്നു". "വാഗ്ദാനമില്ലാത്ത ഭാവിയുടെ നിരാശയെ പിന്നിലാക്കാൻ വേണ്ടിയാണ് പലപ്പോഴും അങ്ങനെ ചെയ്യുന്നത്." അവർ സ്വന്തം കുടുംബങ്ങളോടു ചേരാൻ വേണ്ടിയോ പ്രൊഫഷണലോ വിദ്യാഭ്യാസപരമോ ആയ സാഹചര്യങ്ങൾ അന്വേഷിച്ചുകൊണ്ടോ അങ്ങനെ ചെയ്യുന്നു. എന്തെന്നാൽ അതിനെല്ലാം അവകാശമുള്ളവർക്ക് സമാധാനത്തിൽ ജീവിക്കാൻ സാധിക്കുന്നില്ല. കൂടാതെ, *ലാവുദാ*

*ത്തോസി* എന്ന ചാക്രികലേഖനത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ "പരിസ്ഥിതിപരമായ അധഃപതനം മൂലമുണ്ടാകുന്ന വർധിച്ചുവരുന്ന ദാരിദ്ര്യത്തിൽനിന്ന് ഓടിപ്പോകാൻ ശ്രമിക്കുന്ന ധാരാളം കുടിയേറ്റക്കാരുണ്ട്."

മിക്കവരും ക്രമീകൃത മാർഗങ്ങളിലൂടെയാണ് കുടിയേറുന്നത്. എന്നാൽ ചിലർ വ്യത്യസ്തമാർഗങ്ങൾ സ്വീകരിക്കുന്നു. പ്രധാനമായും നിരാശകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. അവരുടെ രാജ്യങ്ങൾ അവർക്ക് സുരക്ഷിതത്വമോ അവസരങ്ങളോ നല്കുന്നില്ല. നിയമപരമായ മാർഗങ്ങൾ അപ്രായോഗികമോ അടയ്ക്കപ്പെട്ടതോ അമിതമായ കാലതാമസം വരുത്തുന്നതോ ആണ്.

കുടിയേറ്റത്തിനു വിധേയമാകുന്ന അനേകരാഷ്ട്രങ്ങളിൽ കുടിയേറ്റം ദേശീയ സുരക്ഷിതത്വത്തിന് അപകടകരമാണെന്ന വാദം പരക്കുന്നു. പുതിയവരെ സ്വീകരിക്കൽ ഏറെ ചെലവുള്ള കാര്യമാണെന്നു വാദിക്കുന്നു. അങ്ങനെ ദൈവത്തിന്റെ പുത്രീപുത്രന്മാർക്ക് അവകാശപ്പെട്ട മഹത്ത്വത്തെ ഇല്ലാതാക്കുന്നു.

ഭാവിയിൽ കുടിയേറ്റം തുടരുമെന്ന് അന്താരാഷ്ട്രസമൂഹത്തിനു ലഭ്യമായ എല്ലാ സൂചനകളും വ്യക്തമാക്കുന്നുണ്ട്. ചിലർ ഇതിനെ ഒരു ഭീഷണിയായി കരുതുന്നു. സമാധാനം സ്ഥാപിക്കാനുള്ള ഒരു സന്ദർഭമായി ആത്മവിശ്വാസത്തോടെ അതിനെ കാണാൻ ഞാൻ ആവശ്യപ്പെടുന്നു.

**3. ധ്യാനാത്മകമായ നോട്ടത്തോടെ**

വിശ്വാസത്തിന്റെ ജ്ഞാനം ധ്യാനാത്മകവീക്ഷണത്തെ വളർത്തുന്നു. അത് ഒരു വസ്തുത തിരിച്ചറിയുന്നു. അതായത് നമ്മൾ എല്ലാവരും "ഒറ്റക്കുടുംബത്തിലെ അംഗങ്ങളാണ്. കുടിയേറ്റക്കാരും അവരെ സ്വീകരിക്കുന്ന ജനതകളും ഒറ്റ കുടുംബത്തിലെ അംഗങ്ങളാണ്. നമ്മുടെ ലക്ഷ്യം സാർവത്രികമാണ്. സഭയുടെ സാമൂഹികപ്രബോധനം പഠിപ്പിക്കുന്നതുപോലെതന്നെ. ഇവിടെയാണ് ഐക്യദാർഢ്യവും പങ്കുവയ്ക്കലും സ്ഥാപിക്കപ്പെട്ടിരിക്കുന്നത്." ഈ വാക്കുകൾ പുതിയ ജറുസലെമിനെ സംബന്ധിച്ച് ബൈബിളിൽ കാണുന്ന പ്രതിബിംബത്തെ ഉണർത്തുന്നു. ഏശയ്യാ പ്രവാചകന്റെ പുസ്തകവും (അധ്യായം 60) വെളിപാടിന്റെ പുസ്തകവും (അധ്യായം 21) ഒരു നഗരത്തെ വിവരിക്കുന്നു. അതിന്റെ കവാടങ്ങൾ എല്ലാ ദേശത്തെയും ജനതകൾക്കായി തുറന്നിട്ടിരിക്കുന്നു. അവർ അതുകണ്ട് വിസ്മയിക്കുകയും സമ്പന്നതകൾകൊണ്ട് അതിനെ നിറയ്ക്കുകയും ചെയ്യുന്നു.



അതിനെ നയിക്കുന്ന പരമാധികാരി സമാധാനമാണ്. അതിനോടുള്ള സഹവർത്തിത്വത്തെ ഭരിക്കുന്ന തത്ത്വം നീതിയാണ്.

നാം ജീവിക്കുന്ന നഗരങ്ങളെയും ഈ ധ്യാനാത്മകവീക്ഷണത്തോടെ നാം നോക്കണം. അവരുടെ വീടുകളിലും തെരുവീഥികളിലും ചത്വരങ്ങളിലും ദൈവം വർത്തിക്കുന്നതായി കാണുന്ന വിശ്വാസത്തിന്റെ നോട്ടമാണത്. അവിടന്ന് ഐക്യദാർഢ്യത്തെയും സഹോദര്യത്തെയും നന്മയ്ക്കും സത്യത്തിനും നീതിക്കും വേണ്ടിയുള്ള ആഗ്രഹത്തെയും വളർത്തുന്നു." മറ്റു വാക്കുകളിൽ പറഞ്ഞാൽ, സമാധാന വാഗ്ദാനത്തെ പൂർത്തീകരിക്കുന്നു.

ആ നോട്ടം കുടിയേറ്റക്കാരിലേക്കും അഭയാർഥികളിലേക്കും വ്യാപിപ്പിക്കുമ്പോൾ അവർ കൈയിൽ ഒന്നുമില്ലാതെയല്ല എത്തിച്ചേരുന്നതെന്ന് നാം കണ്ടെത്തും. അവർ ധീരതയും വൈദഗ്ധ്യവും ഊർജവും ആഗ്രഹങ്ങളും ഉള്ളവരാണ്. അതുപോലെ അവരുടെ സംസ്കാരങ്ങളുടെ നിക്ഷേപങ്ങളും അവരുടെ കൈയിലുണ്ട്. ഇങ്ങനെ അവർ അവരെ സ്വീകരിക്കുന്ന രാഷ്ട്രങ്ങളുടെ ജീവനെ സമ്പന്നമാക്കുന്നു. ലോകത്ത് എവിടെയും അസംഖ്യം വ്യക്തികളുടെയും കുടുംബങ്ങളുടെയും സമൂഹങ്ങളുടെയും സർഗാത്മകതയും ആവേശവും ത്യാഗചൈതന്യവും കൂടി നമ്മൾ കാണുന്നുണ്ട്. അവർ കുടിയേറ്റക്കാർക്കും അഭയാർത്ഥികൾക്കും വേണ്ടി വാതിലുകളും ഹൃദയങ്ങളും തുറക്കുന്നു. വിഭവങ്ങൾ പരിമിതമായിരിക്കുന്നിടങ്ങളിലും നാം അതു കാണുന്നു.

പൊതുനന്മയെ സംബന്ധിച്ച ഉത്തരവാദിത്വമുള്ളവരുടെ വിവേചനാശക്തിയെയും ധ്യാനാത്മകമായ വീക്ഷണം നയിക്കണം. സ്വാഗതം ചെയ്യലിന്റെ നയം സ്വീകരിക്കുകയും വേണം. "പൊതുനന്മയെ സംബന്ധിച്ച ശരിയായ വീക്ഷണം അനുവദിക്കുന്ന പരിധിക്കുള്ളിൽ അങ്ങനെ ചെയ്യണം." മനുഷ്യകുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും ആവശ്യങ്ങളും ഓരോ വ്യക്തിയുടെയും ക്ഷേമവും ഓർത്തുകൊണ്ട് അപ്രകാരം ചെയ്യണം.

പൊട്ടിമുളച്ചു വളർന്നുകൊണ്ടിരിക്കുന്ന സമാധാനത്തിന്റെ വിത്തുകളെ തിരിച്ചറിയാൻ ഇപ്രകാരം വസ്തുതകളെ നോക്കിക്കാണുന്നവർക്കു സാധിക്കും. കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും സാന്നിധ്യത്തെ സംബന്ധിച്ച് മിക്കപ്പോഴും വിഭജിക്കപ്പെടുകയും ധ്രുവീകരിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന നമ്മുടെ നഗരങ്ങൾ അങ്ങനെ സമാധാനത്തിന്റെ പണിപ്പുരകളായി മാറും.

**4. പ്രവർത്തനത്തിനു നാല് മൈൽക്കല്ലുകൾ**

അനാഥാലയം അന്വേഷിക്കുന്നവർക്കും അഭയാർത്ഥികൾക്കും കുടിയേറ്റക്കാർക്കും മനുഷ്യക്കടത്തിന് ഇരയായിട്ടുള്ളവർക്കും അവർ അന്വേഷിക്കുന്ന സമാധാനം കണ്ടെത്താൻ അവസരം നല്കുകയെന്നത് നാലു പ്രവൃത്തികൾ കൂടിച്ചേർന്ന കാര്യമാണ്: സ്വാഗതം ചെയ്യൽ, സംരക്ഷിക്കൽ, വളർത്തൽ, കൂട്ടിച്ചേർക്കൽ.

നിയമപരമായ മാർഗങ്ങൾ വ്യാപിപ്പിക്കുകയെന്നത് "സ്വാഗതം ചെയ്യലിന്" ആവശ്യമാണ്. കുടിയേറ്റക്കാരെയും അന്യനാട്ടുകാരെയും പീഡനവും അക്രമവും നേരിടേണ്ടിവരുന്ന രാജ്യങ്ങളിലേക്ക് തള്ളിക്കളയാതിരിക്കുകയും വേണം. ദേശീയ സുരക്ഷിതത്വത്തെക്കുറിച്ചുള്ള നമ്മുടെ താത്പര്യം മാനുഷിക മൗലികാവകാശങ്ങളെക്കുറിച്ചുള്ള താത്പര്യത്തോടു തുല്യമായിരിക്കണം. വിശുദ്ധഗ്രന്ഥം നമ്മെ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു: "ആതിഥ്യ മര്യാദ മറക്കരുത്. അതുവഴി ദൈവദൂതന്മാരെ അറിയാതെ സത്കരിച്ചവരുണ്ട്."

അഭയകേന്ദ്രവും സുരക്ഷിതത്വവും തേടി, യഥാർത്ഥ അപകടങ്ങളിൽ നിന്ന് ഓടിവരുന്നവരുടെ അലംഘ്യമായ മഹത്ത്വത്തെ അംഗീകരിക്കാനും സംരക്ഷിക്കാനും അവരെ ചൂഷണത്തിൽനിന്നു രക്ഷിക്കാനുമുള്ള കടമയെ സംബന്ധിച്ചതാണ് "സംരക്ഷിക്കൽ." അപകടസാധ്യതയുടെയും ദുരുപയോഗത്തിന്റെയും ഇരകളാകത്തക്ക സാഹചര്യത്തിലുള്ള സ്ത്രീകളെയും കുട്ടികളെയും കുറിച്ച് ഞാൻ പ്രത്യേകമായി ചിന്തിക്കുന്നു. അവരുടെ അവസ്ഥ അടിമത്തത്തിനു തുല്യംപോലുമാണ്. "കർത്താവ് പരദേശികളെ പരിപാലിക്കുന്നു. വിധവകളെയും അനാഥരെയും സംരക്ഷിക്കുന്നു."

കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും സമ്പൂർണമായ മാനുഷിക വികസനത്തെ പിന്താങ്ങുകയെന്നതാണ് "വളർത്തൽ." അങ്ങനെ ചെയ്യാൻ പല മാർഗങ്ങളുമുണ്ട്. കുട്ടികൾക്കും യുവജനത്തിനും എല്ലാ തലങ്ങളിലുമുള്ള വിദ്യാഭ്യാസം ലഭിക്കുമെന്ന് ഉറപ്പുവരുത്തണമെന്ന് ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അത് അവരെ സ്വന്തം കഴിവുകളെ തിരിച്ചറിയാനും വളർത്താനും സഹായിക്കും. മാത്രമല്ല, പരിത്യജിക്കലിന്റെയും എതിർപ്പിന്റെയും ചൈതന്യത്തിനു പകരം മറ്റുള്ളവരെ കണ്ടുമുട്ടാനും സംഭാഷണം നടത്താനുമുള്ള ചൈതന്യം അവർക്കുണ്ടാകും. ബൈബിൾ ഇങ്ങനെ പഠിപ്പിക്കുന്നു: ദൈവം "പരദേശിയെ സ്നേഹിക്കുന്നു. അവർക്ക് ആഹാരവും വസ്ത്രവും നല്കുന്നു. അതിനാൽ പരദേശിയെ സ്നേഹിക്കുക. ഈജിപ്തിൽ നിങ്ങൾ



പരദേശികളായിരുന്നല്ലോ."

അവസാനമായി "ഉദ്ഗ്രഥിക്കൽ" അഥവാ "കൂട്ടിച്ചർക്കൽ" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഇതാണ്: സ്വാഗതം ചെയ്യുന്ന സമൂഹത്തിന്റെ ജീവിതത്തിൽ പൂർണമായി പങ്കുചേരാൻ അഭയാർത്ഥികളെയും കുടിയേറ്റക്കാരെയും അനുവദിക്കുക. പരസ്പരം സമ്പന്നമാക്കുന്ന ഒരു പ്രക്രിയയുടെ ഒരു ഭാഗമായിരിക്കണം അത്. പ്രാദേശിക സമൂഹത്തിന്റെ പൂർണമായ മാനുഷിക വികസനത്തിനു സേവനം ചെയ്യുന്നതിൽ ഫലപൂർണമായ സഹകരണവും ഉണ്ടാകണം. വിശുദ്ധ പൗലോസ് ശ്ലീഹാ ഇക്കാര്യം ഇങ്ങനെ വ്യക്തമാക്കുന്നു: "ഇനിമേൽ നിങ്ങൾ അന്യരോ പരദേശികളോ അല്ല. വിശുദ്ധരുടെ സഹപൗരരും ദൈവഭവനത്തിലെ അംഗങ്ങളുമാണ്."

**5. രണ്ട് അന്താരാഷ്ട്ര ഉടമ്പടികളുണ്ടാക്കാനുള്ള നിർദേശം**

എന്റെ ഹൃദയപൂർവകമായ പ്രത്യാശ ഇതാണ്: 2018-ൽ ഈ പ്രക്രിയ രണ്ട് ആഗോള ഉടമ്പടികൾ എഴുതാനും അംഗീകരിക്കാനും യുണൈറ്റഡ് നേഷൻസിനെ പ്രചോദിപ്പിക്കും. ഒരു ഉടമ്പടി സുരക്ഷിതവും ക്രമവത്കൃതവുമായ കുടിയേറ്റത്തിനുവേണ്ടിയുള്ളതാണ്. മറ്റൊന്ന്, അഭയാർഥികളെ സംബന്ധിക്കുന്നതാണ്.

ആഗോളതലത്തിൽ സ്വീകരിക്കപ്പെടുന്ന ഉടമ്പടികളാകയാൽ നയപ്രഖ്യാപനങ്ങൾക്കും പ്രായോഗികമായ കാര്യങ്ങൾക്കും വേണ്ട സംവിധാനം അവ പ്രദാനം ചെയ്യും. ഇക്കാരണത്താൽ അവ സഹതാപം, മുൻകൂട്ടിക്കാണൽ, ധീരത എന്നിവയാൽ പ്രചോദിപ്പിക്കപ്പെട്ടവയായിരിക്കണം. സമാധാന സംസ്ഥാപനപരമായ പ്രക്രിയയെ വളർത്താനുള്ള ഓരോ അവസരവും അതു പ്രയോജനപ്പെടുത്തും. ഈ മാർഗത്തിലൂടെ മാത്രമേ അന്താരാഷ്ട്ര രാഷ്ട്രീയത്തിന് ആവശ്യമായ യാഥാർഥ്യബോധമുണ്ടാകുകയുള്ളൂ. കുറ്റം പറച്ചിലിനും ആഗോളവത്കരിക്കപ്പെടുന്ന നിസ്സംഗതയ്ക്കും കീഴ്പ്പെടാതിരിക്കാനാണത്.

സംവാദവും ക്രമവത്കരണവും അന്താരാഷ്ട്ര സമൂഹത്തെ സംബന്ധിച്ച അത്യാവശ്യവും സവിശേഷവുമായ ഒരു കടമയുമാണ്. ദേശീയ അതിർത്തികൾക്ക് അപ്പുറത്ത് കൂടുതൽ അഭയാർഥികളെ അതുവഴി സ്വാഗതം ചെയ്യാൻ കഴിയും. അല്ലെങ്കിൽ കൂടുതൽ നന്നായി സ്വാഗതം ചെയ്യാൻ കഴിയും. സാമ്പത്തികത കുറഞ്ഞ രാഷ്ട്രങ്ങൾക്കും അങ്ങനെ ചെയ്യാൻ സാധിക്കും. അവർക്ക് അത്യാവശ്യമായ പണം

അന്താരാഷ്ട്ര സഹകരണം വഴി ഉറപ്പുനല്കിയാൽ മതി.

സമഗ്ര മാനുഷിക വികസനത്തെ വളർത്താനുള്ള ഡികാസ്ട്രിയിൽ, കുടിയേറ്റക്കാരെയും അഭയാർഥികളെയും സംബന്ധിച്ച ഖണ്ഡികകളിൽ 20 കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. ഈ നാലു ക്രിയകളും ചെയ്യാൻ അവ പ്രേരിപ്പിക്കും. പൊതുനയത്തിലും ക്രൈസ്തവസമൂഹത്തിന്റെ മനോഭാവങ്ങളിലും പ്രവർത്തനങ്ങളിലും ഇതു നടപ്പാക്കാൻ പ്രേരണ നല്കും. രണ്ടു യു.എൻ ആഗോള ഉടമ്പടികളും സ്വീകരിക്കാനുള്ള പ്രക്രിയയിൽ കത്തോലിക്കാസഭയ്ക്കു താത്പര്യമുണ്ട്. ഇതിന്റെയും മറ്റു സംഭാവനകളുടെയും ലക്ഷ്യം അതാണ്. കൂടുതൽ പൊതുവായ അജപാലനപ്രവർത്തനത്തിന്റെ അടയാളമാണ് ഈ താത്പര്യം. അത് സഭയുടെ ഉത്ഭവം മുതൽ തുടങ്ങിയതാണ്. ഇന്നോളമുള്ള അനേകം പ്രവർത്തനങ്ങളിലൂടെ സഭ അതു തുടർന്നിട്ടുമുണ്ട്.

**6. നമ്മുടെ പൊതുഭവനത്തിനുവേണ്ടി**

വിശുദ്ധ ജോൺപോൾ 2-ാമൻ മാർപാപ്പായുടെ വാക്കുകളിൽനിന്ന് നമുക്ക് പ്രചോദനം സ്വീകരിക്കാം. അദ്ദേഹം ഇങ്ങനെ പറഞ്ഞു: "സമാധാനപൂർണമായ ഒരു ലോകം എന്ന 'സ്വപ്നം' എല്ലാവരും പങ്കുചേരുന്ന ഒന്നായിക്കഴിഞ്ഞാൽ, അഭയാർഥികളുടെയും കുടിയേറ്റക്കാരുടെയും സംഭാവനയെ ശരിയായി വിലയിരുത്തിയാൽ മനുഷ്യവർഗം കൂടുതൽ കൂടുതൽ സാർവത്രികമാകുന്ന കുടുംബമായിത്തീരും. നമ്മുടെ ഭൂമി യഥാർഥത്തിൽ പൊതുവായ ഭവനം ആയിത്തീരുകയും ചെയ്യും.'' ചരിത്രത്തിലുടനീളം അനേകർ ഈ "സ്വപ്ന"ത്തിൽ വിശ്വസിച്ചവരും അവരുടെ നേട്ടങ്ങൾ ഒരു സാക്ഷ്യവുമാണ് - ഇത് ഒരു മായാലോക സങ്കല്പമല്ലെന്നതിന്റെ സാക്ഷ്യപത്രം.

അവരിൽ ഒരാളായി വിശുദ്ധ ഫ്രാൻസെസ് സേവ്യർ കബ്രീനിയെ ഈ വർഷം നമുക്കു ഓർമ്മിക്കാം. അവളുടെ നൂറാം ചരമ വാർഷികം ഇക്കൊല്ലമാണ്. ഈ നവംബർ 13-ാംതീയതി അനേകം സഭാസമൂഹങ്ങൾ അവളുടെ ഓർമ്മ ആഘോഷിക്കുന്നു. ഏറെ ശ്രദ്ധേയയായ അവൾ കുടിയേറ്റക്കാർക്കുവേണ്ടിയുള്ള സേവനത്തിന് തന്റെ ജീവിതം സമർപ്പിച്ചു. അവൾ കുടിയേറ്റക്കാരുടെ രക്ഷാധികാരിണിയായ വിശുദ്ധയാണ്. നമ്മുടെ സഹോദരീസഹോദരന്മാരെ സ്വാഗതം ചെയ്യാനും സംരക്ഷിക്കാനും വളർത്താനും സമൂഹത്തിലേക്കു കൂട്ടിച്ചേർക്കാനും ഈ വിശുദ്ധ നമ്മെ പഠിപ്പിച്ചു. "സമാധാനസ്രഷ്ടാക്കൾ



നീതിയുടെ ഫലം സമാധാനത്തിൽ വിതയ്ക്കുന്നു" എന്നത് നമുക്കെല്ലാവർക്കും അനുഭവിക്കാൻ, ആ വിശുദ്ധയുടെ മാധ്യസ്ഥ്യതവഴി കർത്താവ് നമ്മെ ശക്തരാക്കട്ടെ.

വത്തിക്കാനിൽ നിന്ന്

13 നവംബർ 2017

കുടിയേറ്റക്കാരുടെ രക്ഷാധികാരിണിയായ ഫ്രാൻസെസ് സേവ്യർ കബ്രീനിയുടെ ഓർമദിവസം

ഫ്രാൻസിസ് മാർപാപ്പാ

## 2018 ജനുവരി 15 കർഷകദിനം

### കേരള കത്തോലിക്കാ മെത്രാൻ സമിതി (കെസിബിസി) ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

അസംഘടിത കർഷകസമൂഹത്തിന്റെ അതിജീവനം ലക്ഷ്യമാക്കി കേരള കത്തോലിക്കാസഭയുടെ നേതൃത്വത്തിൽ ഒന്നര പതിറ്റാണ്ട് മുമ്പ് രൂപീകരിക്കപ്പെട്ട സ്വതന്ത്ര കർഷകപ്രസ്ഥാനമാണ് ഇൻഫാം. വിളകളുടെ വിലത്തകർച്ചയും കീടബാധയും വന്യമൃഗശല്യവും കടക്കെണിയുംമൂലം ആത്മഹത്യയുടെ വക്കിലെത്തിയ കർഷകസമൂഹത്തിന് സാന്ത്വനമേകുവാൻ ദൈവനിയോഗം പോലെ രൂപം കൊണ്ട ഇൻഫാമിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട കർഷക പോരാട്ടങ്ങൾ ചരിത്രത്താളുകളിൽ ഇന്നും ജ്വലിച്ചുനിൽക്കുന്നു. ഇത്തരം ജനകീയ പോരാട്ടങ്ങളിലൂടെ കാർഷിക പ്രശ്നങ്ങൾ ഭരണാധികാരികളുടെയും രാഷ്ട്രീയ നേതൃത്വങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരുവാനും ഒട്ടനവധി കാർഷികപ്രശ്നങ്ങൾക്ക് പരിഹാരം സാധ്യമാക്കുവാനും കഴിഞ്ഞുവെന്നത് അഭിമാനപൂർവ്വം സ്മരിക്കുന്നു.

പക്ഷേ ആഗോളവൽക്കരണത്തിന്റെയും കമ്പോളവൽക്കരണത്തിന്റെയും ഈ കാലഘട്ടത്തിൽ കാർഷികമേഖലയിൽ പരിഹരിക്കപ്പെടേണ്ട നിരവധി പ്രശ്നങ്ങൾ ഇനിയും അവശേഷിക്കുന്നുണ്ട്. കാർഷികോല്പന്നങ്ങളുടെ വില തകർന്നടിഞ്ഞുകൊണ്ടിരിക്കുന്നു. ഉല്പാദനച്ചെലവ് വർദ്ധിക്കുന്നു. തൊഴിലാളിക്ഷാമം രൂക്ഷമാണ്. വന്യമൃഗശല്യംമൂലം വിളകൾ നശിപ്പിക്കപ്പെടുന്നു. കാലാവസ്ഥാവ്യതിയാനം കാർഷികമേഖലയെ പ്രതികൂലമായി ബാധിച്ച് ഉല്പാദനത്തിലും വൻ ഇടിവ് സൃഷ്ടിച്ചിരിക്കുന്നു. കടബാധ്യത കർഷകന്റെ ഉറക്കംകെടു

ത്തുക മാത്രമല്ല ജീവനും തട്ടിയെടുക്കുന്നു. കീടബാധമൂലം വിളകൾ നശിക്കുന്നു.

പകലന്തിയോളം പണിയെടുത്ത് രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും ആവശ്യമായ ഭക്ഷ്യവസ്തുക്കളും വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കളും ഉല്പാദിപ്പിക്കുന്ന കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെങ്കിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അടിയന്തരവും ഫലപ്രദവുമായ ഇടപെടൽ അനിവാര്യമാണ്.

കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പുവരുത്തണം. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിലൂടെ കർഷകർക്ക് അധികവരുമാനം ലഭ്യമാക്കണം. മലയോരമേഖലയിലെ വന്യമൃഗശല്യത്തിന് ശാശ്വതപരിഹാരം കണ്ടെത്തണം. കാർഷിക കടങ്ങൾ എഴുതിത്തള്ളണം. കർഷകന് പലിശരഹിതവായ്പ ലഭ്യമാക്കണം. നാടിനുവേണ്ടി സേവനം ചെയ്യുന്ന കർഷകന് വാർദ്ധക്യാവസ്ഥയിൽ പ്രതിമാസം പതിനായിരം രൂപ പെൻഷൻ നൽകണമെന്ന 2015 ലെ സംസ്ഥാന കാർഷികനയത്തിലെ നിർദ്ദേശം നടപ്പിലാക്കണം. കേന്ദ്ര സംസ്ഥാന സർക്കാരുകൾ കാർഷിക ബഡ്ജറ്റ് അവതരിപ്പിക്കണം. കർഷകപ്രതിനിധികളെ ഉൾപ്പെടുത്തി കാർഷിക കമ്മീഷൻ രൂപീകരിക്കണം. ഇത്തരം ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കണമെങ്കിൽ ജാതിമതഭേദമെന്യേ കർഷകർ ഒറ്റക്കെട്ടായി മുന്നോട്ടുവരേണ്ടതുണ്ട്.

കാർഷികവൃത്തിയോടുള്ള യുവജനതയുടെ അവഗണനയും ഗൗരവപൂർവ്വം ചർച്ചചെയ്യപ്പെടേണ്ട വിഷയമാണ്. കാർഷികവൃത്തി ആദായകരമല്ലാത്തതുകൊണ്ടും കർഷകർക്ക് അർഹമായ പരിഗണന ലഭിക്കാത്തതുകൊണ്ടും യുവജനങ്ങൾ കാർഷികവൃത്തിയിൽ നിന്നും അകന്നുനിൽക്കുകയാണിന്ന്. ഇത് ആശങ്കാജനകമായ അവസ്ഥയാണ്. വരുംതലമുറകളും കാർഷികവൃത്തി തുടർന്നാൽമാത്രമേ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുവാൻ സാധിക്കുകയുള്ളൂ. കാർഷികവൃത്തി ഒരു സംസ്കാരത്തിന്റെ ഭാഗമായിട്ടാണ് പഴയതലമുറ കണ്ടിരുന്നത്. അത് കുടുംബബന്ധങ്ങളെ ഊട്ടിയുറപ്പിച്ച സ്നേഹസംസ്കാരമായിരുന്നുവെന്ന സത്യം യുവതലമുറ തിരിച്ചറിയണം. മണ്ണും മനുഷ്യനും പ്രകൃതിയും സമന്വയിക്കപ്പെടുമ്പോൾ രൂപംകൊള്ളുന്ന ജീവസംസ്കൃതിയാണ് കാർഷികവൃത്തിയുടെ അന്തഃസത്ത. അതോടൊപ്പം പ്രകടമാകുന്ന ആത്മീയതയുടെ ഫലവും വിസ്മരിച്ചുകൂടാ.

സ്രഷ്ടാവായ ദൈവവും സൃഷ്ടികളായ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സമന്വയമാണ് കാർഷികവൃത്തിയിൽ നാം ദർശി



ക്കുന്ന ആത്മീയത. ഫലസമൃദ്ധമായ ഏദൻതോട്ടത്തിന്റെ കാവൽക്കാരും പരിപാലകരുമായി ദൈവം ചുമതലപ്പെടുത്തിയത് മനുഷ്യരെയാണ്. ദൈവിക രഹസ്യങ്ങൾ വെളിപ്പെടുത്താൻ ദിവ്യനാഥൻ ഉപയോഗിച്ച ഉപമകളിൽ പലതും കാർഷികവൃത്തിയുമായി ബന്ധപ്പെട്ടതാണ്. ഭൂമിയെയും നദികളെയും പൂജിക്കുന്ന ആർഷഭാരത സംസ്കാരം ഈ ആത്മീയതയുടെ ഭാഗമാണ്. അതുകൊണ്ട് ഭക്ഷ്യോല്പാദനം മനുഷ്യന്റെ നിലനിൽപ്പിന് അനിവാര്യമാണെന്ന സത്യം തിരിച്ചറിഞ്ഞുകൊണ്ടും കാർഷികവൃത്തിയിൽ അന്തർലീനമായിരിക്കുന്ന ജീവസംസ്കാരവും ആത്മീയതയും ഉൾക്കൊണ്ടുകൊണ്ടും യുവജനങ്ങൾ കാർഷികവൃത്തിയിൽ ഏർപ്പെടാൻ സ്വയം സന്നദ്ധരാകണം.

അവകാശങ്ങൾ നേടിയെടുക്കുവാനുള്ള പോരാട്ടങ്ങളോടൊപ്പം സ്വയം പര്യാപ്തത കൈവരിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും കർഷകർ ചിന്തിക്കേണ്ടതുണ്ട്. ഏകവിളയിൽ നിന്നും ബഹുവിളകൃഷിയിലേയ്ക്ക് കർഷകർ മാറണം. ജൈവകൃഷിരീതി അവലംബിക്കണം. അടുക്കളത്തോട്ടങ്ങളിൽ വിഷരഹിത പച്ചക്കറികൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിച്ച് ഭക്ഷ്യസുരക്ഷയും ആരോഗ്യസുരക്ഷയും ഉറപ്പുവരുത്തണം. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കാൻ ഇടവകതോറും ഞായറാഴ്ച ചന്തകൾ ആരംഭിക്കണം. പാഴായിപ്പോകുന്ന ചക്ക, കശുമാമ്പഴം തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുവാനുള്ള സംരംഭങ്ങൾ തുടങ്ങണം. പശുവളർത്തൽ, കോഴിവളർത്തൽ തുടങ്ങിയ സംരംഭങ്ങളിലൂടെ അധികവരുമാനം ഉറപ്പുവരുത്തണം. ഗ്രാമസഭകളിൽ സജീവമായി പങ്കെടുക്കുകയും കാർഷികപ്രശ്നങ്ങൾ അവതരിപ്പിക്കുകയും വേണം. സർക്കാർ ആനുകൂല്യങ്ങൾ നേടിയെടുക്കാൻ പ്രാദേശികതലത്തിൽ കർമ്മസമിതികൾ രൂപീകരിക്കണം. തൊഴിലാളിക്ഷാമം പരിഹരിക്കാനും ഉല്പാദനച്ചെലവ് കുറയ്ക്കാനും ലക്ഷ്യമിട്ടുകൊണ്ട് പണ്ടുകാലത്ത് ഉണ്ടായിരുന്ന മാറ്റാൾപണി പുനരാരംഭിക്കണം. ഇത്തരം ക്രിയാത്മക മാർഗ്ഗങ്ങളിലൂടെ നമുക്ക് ഒരു പരിധിവരെ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയും.

കാർഷികമേഖലയോടൊപ്പം സഭാവിശ്വാസികൾ ഉപജീവനത്തിനായി ഏറെ ആശ്രയിക്കുന്ന മത്സ്യബന്ധനമേഖലയും നമ്മുടെ വിചിന്തനത്തിന് വിധേയമാക്കണമെന്ന് ഞാൻ കരുതുന്നു. കടലിന്റെ മക്കൾ ഇന്ന് അനുഭവിക്കുന്ന അരക്ഷിതാവസ്ഥ ആശങ്കാജനകവും ഭീതിജനകവുമാണ്. അടുത്തനാളിൽ കേരളത്തിലുൾപ്പെടെ വീശിയടിച്ച ഓഖി

ചുഴലിക്കാറ്റിന്റെ ദുരന്തങ്ങൾ ഏറെ അനുഭവിച്ചത് മത്സ്യത്തൊഴിലാളികളാണ്. കടലിൽ മത്സ്യബന്ധനത്തിനുപോയ തങ്ങളുടെ ഉറ്റവർ മടങ്ങിവരാതായപ്പോൾ അലമുറയിട്ട് കരയുന്ന അമ്മമാരുടെ നിസ്സഹായാവസ്ഥ ആരെയാണ് വേദനിപ്പിക്കാത്തത്? ഒട്ടേറെ സഹോദരങ്ങളുടെ വിലപ്പെട്ട ജീവനാണ് അപഹരിക്കപ്പെട്ടത്. എല്ലാം നഷ്ടപ്പെട്ട കടലിന്റെ മക്കളുടെ ദുഃഖത്തിൽ പങ്കുചേരുവാനും അവരെ ആശ്വസിപ്പിക്കുവാനും മാത്രമല്ല എല്ലാവിധ സഹായങ്ങളുമായി സഭ മുന്നോട്ടു വന്നുവെന്നത് ശ്ലാഘനീയമാണ്. തീരദേശജനതയുടെ പുനരുദ്ധാരണത്തിന് നമുക്ക് ഒറ്റക്കെട്ടായി കൈകോർക്കാം. വീടുകൾ നഷ്ടപ്പെട്ടവരുടെ പുനരധിവാസം സർക്കാർ ഉറപ്പുവരുത്തണം. വള്ളവും വലയും ബോട്ടും നഷ്ടമായവർക്ക് പൂർണ്ണനഷ്ടപരിഹാരം ലഭ്യമാക്കണം. മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതിത്തള്ളണം. മേലിൽ ഇത്തരം വൻ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനാവശ്യമായ മുന്നറിയിപ്പുകൾ യഥാസമയം നൽകണം. ന്യായമായ ഈ ആവശ്യങ്ങൾ അംഗീകരിക്കാൻ ജനകീയ സർക്കാരിന് ധാർമ്മികബാധ്യതയുണ്ടെന്ന കാര്യം ബോധ്യപ്പെടുത്തട്ടെ. മലയോര തീരദേശ കർഷകസമൂഹം സംഘടിച്ചുനീങ്ങേണ്ടതും സഹകരിച്ചുപ്രവർത്തിക്കേണ്ടതും അടിയന്തരമാണ്.

ആഗോളതലത്തിലെ കാർഷിക വ്യാപാരമാറ്റങ്ങളെയും കരാറുകളെയും നമ്മൾ നോക്കിക്കാണുകയും പഠിക്കുകയും വിലയിരുത്തുകയും വേണം. രാജ്യാന്തര കാർഷികവിപണിയായി ഇന്ത്യ മാറുമ്പോൾ ഈ മണ്ണിലെ കർഷകരും സംരക്ഷിക്കപ്പെടണം. ലോകവിപണികളുമായി മത്സരിക്കുവാനുള്ള കരുത്ത് നാം ആർജിക്കണം. ഇതിനായി സംഘടിച്ചുനീങ്ങുന്നതിനോടൊപ്പം രാഷ്ട്രീയ നിലപാടുകളും ഭരണപങ്കാളിത്തങ്ങളും കർഷകർക്കുണ്ടാകണം.

കേരളത്തിലെ കത്തോലിക്കാ മെത്രാൻസമിതിയുടെ തീരുമാനപ്രകാരം 2010 മുതൽ എല്ലാവർഷവും ജനുവരി 15 ഇൻഫാം കർഷകദിനമായി ആചരിക്കുകയാണല്ലോ. ഈ വർഷവും വിപുലമായ പരിപാടികളാണ് കർഷദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്നത്. കൃഷിയുടെയും കർഷകന്റെയും മഹത്വവും നന്മകളും ഓർമ്മപ്പെടുത്താനുള്ള ഒരു സുവർണ്ണാവസരംകൂടിയാണ് കർഷകദിനം. കർഷകസെമിനാറുകളും പൊതുയോഗങ്ങളും സംഘടിപ്പിച്ചുകൊണ്ട് കാർഷികപ്രശ്നങ്ങൾ ഭരണാധികാരികളുടെയും പൊതുസമൂഹത്തിന്റെയും ശ്രദ്ധയിൽപെടുത്തുവാനും വിഘടിച്ചുനിൽക്കാതെ സംഘടിച്ചുനീങ്ങേണ്ടതിന്റെ ആവശ്യകത കർഷകരെ ബോധ്യപ്പെടുത്തുവാനും കർഷകദിനത്തിൽ നാം ശ്രമിക്കണം. ഇടവക, യൂണിറ്റ് തലങ്ങളിൽ കർഷകരെ ആദരിക്കണം. ഇൻഫാം യൂണിറ്റുകൾ ഇല്ലാത്ത ഇടവകകളിൽ ബഹു. വികാരിയച്ചൻമാരുടെ നേതൃത്വത്തിൽ കർഷകരായ നാനാജാതി മതസ്ഥരെ ഉൾപ്പെടുത്തികൊണ്ട് യൂണിറ്റുകൾ രൂപീകരിക്കണം.



ദൈവപിതാവിന്റെ സൃഷ്ടികളായ മനുഷ്യമക്കൾക്ക് അന്നന്നു വേണ്ടുന്ന ആഹാരം നൽകാൻ സഹകാരികളായി വർത്തിക്കുന്ന കർഷകരോടൊപ്പം കത്തോലിക്കാസഭ നിലകൊള്ളുമെന്ന് ആവർത്തിച്ചുപറയട്ടെ. ജീവിക്കുവാൻ വേണ്ടിയുള്ള ഇന്നലെകളിലെ കുടിയേറ്റ കാലഘട്ടങ്ങളിലും സർക്കാരുകളുടെ അതിക്രൂരമായ കുടിയിറക്കുവേളകളിലും അഭിവന്ദ്യരായ സഭാപിതാക്കന്മാരും, വൈദികരും, അല്മായരും പ്രവാചകധീരതയോടെ കർഷകർക്കൊപ്പം നിലകൊണ്ട് പോരാടിയ ചരിത്രം പ്രത്യേകം സ്മരിക്കുന്നു. പ്രതിസന്ധികളുടെ ഈ നാളുകളിലും കർഷകമക്കൾക്ക് സാന്ത്വനമേകാനും ശക്തിപകരാനും നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന ബഹു. വൈദികരെ പ്രത്യേകം അഭിനന്ദിക്കുന്നു. വിഷമഘട്ടങ്ങളിൽ തളരാതെ കൂടുതൽ കരുത്തോടെ പുത്തൻ പ്രതീക്ഷകളുമായി മുന്നേറുവാൻ നമുക്കാകണം. ഇൻഫാമിനു നേതൃത്വം കൊടുക്കുന്ന എല്ലാ ഭാരവാഹികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**ബിഷപ് മാർ മാത്യു അറയ്ക്കൽ**

ഇൻഫാം എപ്പിസ്കോപ്പൽ അഡ്വൈസർ

**പ്രത്യേക ശ്രദ്ധയ്ക്ക്:** 2018 ജനുവരി 7-ാം തീയ്യതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും, ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിശ്വാസിസമൂഹത്തിന് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# രൂപതക്കച്ചേരി

## C. *1/2018* സഭൈക്യവാരം

2018 ജനുവരി 18 മുതൽ 25 വരെ സഭകളുടെ ഐക്യത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാനും പ്രവർത്തിക്കാനുമായി നീക്കിവച്ചിരിക്കുന്ന ദിവസങ്ങളാണ്. 2018 ക്രൈസ്തവൈക്യത്തിനുള്ള പ്രാർത്ഥനാവാരത്തിന്റെ വിചിന്തനവിഷയം 2 കോറി. 5:14-20 ഭാഗത്തെ അടി

സ്ഥാനമാക്കി "ക്രിസ്തുവിന്റെ സ്നേഹം നിർബന്ധമായും ആവശ്യപ്പെടുന്ന അനുരഞ്ജനം" എന്നതാണ്. സഭൈക്യത്തിനായി ശ്രദ്ധേയമായ ശ്രമങ്ങൾ നടത്തി വരുന്ന കേരളത്തിലെ ക്രൈസ്തവസഭകൾക്ക് വിശിഷ്യ കത്തോലിക്കാസഭയ്ക്ക് ഈ പ്രാർത്ഥനാവാരം ഏറെ പ്രധാനപ്പെട്ടതാണ്. സഭകളുടെ കൂട്ടായ്മയ്ക്കായി പ്രത്യേകം പ്രാർത്ഥനകൾ നടത്തിയും വിവിധ സഭകളുമായി സഹകരിച്ച് പരിപാടികൾ സംഘടിപ്പിച്ചും ഇടവകകളും സ്ഥാപനങ്ങളും സഭൈക്യവാരാചരണം നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. സഭൈക്യവാരം സംബന്ധിച്ച പ്രാർത്ഥനകളും സർക്കുലറും രൂപതാ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

*Bishop*

C. *2/2018* **സീറോ മലബാർ പ്രേഷിതവാരം**

2018 ജനുവരി 6 മുതൽ 12 വരെ തീയതികളിൽ സീറോമലബാർ സഭ പ്രേഷിതവാരം ആചരിക്കുകയാണ്. മിഷനെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുക എന്നതാണ് ഈ ആചരണത്തിന്റെ ലക്ഷ്യം. പ്രേഷിതവാരാചരണത്തിനായുള്ള വാൾപോസ്റ്ററും പ്രാർത്ഥനാകാർഡുകളും ഇടവകകളിൽ എത്തിച്ചിരുന്നു. മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുവേണ്ടിയുള്ള സംഭാവന ജനുവരി 7 ഞായറാഴ്ച സ്വീകരിച്ച് ജനുവരി 31-നകം രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്. ഏവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

*Bishop*

C. *3/2018* **ലോകസമാധാന ദിനം**

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ചരമദിനമായ ജനുവരി 30-ാം തീയതി ലോകസമാധാന ദിനമായി ആചരിക്കുന്നു. നമ്മുടെ സമൂഹത്തിലും രാജ്യത്തും ലോകമെമ്പാടും സമാധാനം നിരന്തര ഭീഷണി നേരിടുന്ന ഈ കാലഘട്ടത്തിൽ ഈശോ നൽകുന്ന സമാധാനം സമൂഹത്തിൽ, പ്രത്യേകിച്ച് കുടുംബങ്ങളിൽ സ്ഥാപിതമാകാൻ നമുക്ക് പ്രാർത്ഥിക്കാം. അന്നേ ദിവസം ഉപവാസദിനമായി ആചരിക്കുന്നത് അനുഗ്രഹപ്രദമാണ്. സമാധാനത്തെ തകർക്കുന്ന സാഹചര്യങ്ങളിൽ നിന്ന് അകന്നു നിൽക്കുവാനും മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കുവാനുമുള്ള പ്രചോദനം ഈ ദിനാചരണം നമുക്ക് നല്കട്ടെ.

*Bishop*

C. *4/2018* **മാർ മാത്യു പോത്തനാമുഴി പിതാവിന്റെ ചരമ വാർഷികം**

നമ്മുടെ രൂപതയുടെ പ്രഥമ മെത്രാനായ മാർ മാത്യു പോത്തനാമുഴി പിതാവിന്റെ 35-ാം ചരമവാർഷികം 2018 ഫെബ്രുവരി 6-ാം



തീയതി ചൊവ്വാഴ്ചയാണ്. അഭിവന്ദ്യ പിതാവിന്റെ ആത്മശാന്തിക്കായി അന്നേദിവസം എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും അനുസ്മരണ ശുശ്രൂഷകൾ നടത്തി പ്രാർത്ഥിക്കേണ്ടതാണ്.

*Bishop*

C. *5/2018* **Presbyterium**

The plenary meeting of the priests of the Eparchy will be held on Tuesday, January 30, 2018 from 10.00 am to 2.00 pm at NESTT, Muvattupuzha. All are expected to participate without fail.

*Bishop*

C. *6/2018* **വാർഷിക റിപ്പോർട്ട്**

പള്ളികൾ, ആശ്രമങ്ങൾ, മഠങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയിൽനിന്നും ലഭിക്കേണ്ട വാർഷിക റിപ്പോർട്ടുകൾ ജനുവരി 30-നകം രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. റിപ്പോർട്ടിനുള്ള ഫോറങ്ങൾ 2018 ജനുവരി മാസത്തിൽ അയയ്ക്കുന്നതാണ്. 2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കി തരുന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

*Protosyncellus*

C. *7/2018* **Preachers & Counsellors Identity Card**

Preachers & Counsellors Identity Card പുതുക്കുവാനുള്ള സമയമായി. അപേക്ഷാഫോറം പള്ളികളിലുണ്ട്. പൂരിപ്പിച്ച് വികാരി അച്ചന്റെ സാക്ഷ്യപത്രത്തോടെ രൂപതാക്കച്ചേരിയിൽ ജനുവരി 30-ന് മുമ്പ് എത്തിക്കുക.

*Chancellor*

*C. 8/2018* **Monthly Recollection for Priests**

***Topic for discussion in February***

Read in common Nos 701-710 of the Catechism of the Catholic Church.

*Syncellus*

*C. 9/2018* **Pastoral Visits - January**

Thazhuvankunnu - 21-01-2018

*Chancellor*

*C. 10/2018* **അഭിനന്ദനങ്ങൾ**

കത്തോലിക്കാ കോൺഗ്രസ്സിന്റെ ഗ്ലോബൽ സമിതിയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട നമ്മുടെ രൂപാതംഗമായ അഡ്വ. ബിജു പറയന്നിലത്തിന് ആശംസകളും അഭിനന്ദനങ്ങളും.

*Chancellor*

*JS.1/2018* **ജൂബിലി സ്മാരക സ്കോളർഷിപ്പ്**

അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിന്റെ മെത്രാഭിഷേക രജതജൂബിലി മെമ്മോറിയൽ ആയി സ്ഥാപിച്ച സ്കോളർഷിപ്പ് ഫണ്ടിന്റെ വിതരണം 2017 ഡിസംബർ 16-ാം തീയതി ശനിയാഴ്ച ബിഷപ്പ്സ് ഹൗസിൽ കൂടിയ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവ്വഹിച്ചു. പ്രൊഫഷണൽ വിദ്യാഭ്യാസം നടത്തുന്ന തിരഞ്ഞെടുക്കപ്പെട്ട 24 വിദ്യാർത്ഥികൾക്ക് 25,000 രൂപ വീതമാണ് നല്കിയത്. ഇപ്പോൾ പഠനം നടത്തിക്കൊണ്ടിരിക്കുന്ന 151 വിദ്യാർത്ഥികളിൽനിന്നും യോഗ്യതാപരീക്ഷയുടെയും സാമ്പത്തിക നിലവാരത്തിന്റെയും അടിസ്ഥാനത്തിലാണ് 24 പേരെ തെരഞ്ഞെടുത്തത്. സ്കോളർഷിപ്പിന് അർഹരായവരുടെ പേരുവിവരങ്ങൾ താഴെകൊടുക്കുന്നു.

| | | | |
|---|---|---|---|
| 1 | Jiya Bright Jaison | Paikkatt | Anicad |
| 2 | Prathibha Augustine | Poriyath | Cheenikuzhy |
| 3 | Binny Baby | Mundathanath | Chilavu |
| 4 | Binitta Thomas | Malekudy | Enanallor |
| 5 | Tom Damian | Onattu | Kalayanthani |
| 6 | Kevin Joseph | Chennamkulam | Kottappady |
| 7 | Emmanuel Jiji | Pazhyamkottil | Kuninji |
| 8 | Jinu Jose | Madhuramattathil | Muthalakodam |
| 9 | Daryl V. John | Vattapparambil | Nakapuzha |
| 10 | Anju Benny | Ponnarakunnel | Njayapilly |
| 11 | Brillian Jose | Elayil | Paingottoor |
| 12 | Maria Benny | Malekudiyil | Paingottoor |
| 13 | Linta N.M. | Nellikunnumpurath | Peringuzha |
| 14 | Jeny James | Choorakuzhiyil | Peringuzha |
| 15 | Noel Thomas | Muttathukattil | Pothanicadu |
| 16 | Rosmary Joy | Valayamthottiyl | Pulianpara |
| 17 | Amala Rani Jose | Thekkevayalil | Rajagiri |
| 18 | Josmy Mathew | Vilakumaruthumkal | Rajagiri |
| 19 | Jancy Sujan | Kochikunnel | Thrikkariyoor |
| 20 | Jisna Baby | Anikuzhiyil | Vadakode |
| 21 | Rijo James | Makkolil | Vazhakulam |
| 22 | Aldo Joy | Keepurath | Vazhakulam |
| 23 | Merlin John | Kocherikudiyil | Vazhakulam |



| | | | |
|---|---|---|---|
| 24 | Deepana S. George | Eettikkattil | Vettampara |

*Secretary*

*Pr.C.1/2018* **Report of the Presbyteral Council held on Tuesday, December 19, 2017**

An ordinary meeting of the Presbyteral Council was held on Tuesday 19th December 2017 at the Bishop's House. His Excellency Mar George Madathikandathil presided over the meeting. Twenty eight members participated. The meeting started with a prayer by Fr.Dominic OFM Cap. at 10.00 am. The Protosyncellus V. Rev. Mgr. George Oliapuram welcomed the participants. After the report of the previous meeting, the president delivered the introductory talk and introduced the topics for discussion.

The Eparchial Assembly conducted in the year 2015 must have a follow up evaluation programme and we have to get feedback from people in all walks of life. A questionnaire for this purpose will be ready by the end of January. The meeting expressed dismay and protest at the violence by a group of Bajrangdal against a peaceful Christmas celebration conducted by the seminarians of Satna seminary and totally baseless charge of forceful conversion.

Regarding the Thirattu fee, the president clarified that it is fixed for a term of three years in the light of the report of a committee set for the purpose. In addition a contribution of Rs. 2 each per head for Sabhadinam and for Prshithavaram respectively may be paid. Then there was reference regarding the conduct of NCC and NSS camps during Christmas Holy days. Many opined against Govt. rules which is hindering the freedom for worship. Education Secretary informed that the Teachers Guild has given a petition to the Government. Then the issue of public procession through main roads was raised. After discussion the majority opined that there can be solemn procession for major feast and on Good Friday. Solemn feasts and processions connected with religious houses are to be discouraged.

Thirattu fee from parishes is to be paid before 30th April, preferably by 31st March every year. It is easy for the parishes to plan and pay early since the fee is fixed. The amount to be paid by each parish will be communicated without delay. A study forum for clearing doubts regarding accounting and auditing is to be conducted. There was a discussion about the amount of money which can be spent without permission from Curia.

The conclusion was that there must be permission for new constructions exceeding the an amount set in the Diocesan statutes, and maintenance work such as painting and other routine works costing even higher amounts can be done without prior permission.

After a short break, the accounts of different departments and organizations were read out. Clearing all the doubts it was approved by the members. Rev. Fr. George Vadakel gave Christmas greetings to all. The Meeting ended with the concluding message by Rev. Msgr Cherian Kanjirakompil.

*Secretary*

*PC.1/2018* **പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്**
**(2017 ഡിസംബർ 16)**

രൂപത അജപാലനസമിതിയുടെ സമ്മേളനം 2017 ഡിസംബർ മാസം 16-ാം തീയതി ശനിയാഴ്ച അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ അധ്യക്ഷതയിൽ ബിഷപ്സ് ഹൗസിൽ നടന്നു. യോഗത്തിൽ 103 പേർ പങ്കെടുത്തു.

സ്നേഹഗിരി പ്രൊവിൻഷ്യൽ റവ. സി. ക്രിസ്റ്റി SMS നയിച്ച പ്രാർത്ഥനയോടെ രാവിലെ 10.00 മണിക്ക് യോഗം ആരംഭിച്ചു. രൂപത പ്രോട്ടോസിഞ്ചെല്ലൂസ് ബഹു. മോൺ. ജോർജ് ഓലിയപ്പുറം ഏവർക്കും സ്വാഗതം ആശംസിക്കുകയും വിശിഷ്ടാതിഥി സീറോ മലബാർ കൂരിയാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കലിന് തന്റെ പുതിയ നിയോഗത്തിൽ എല്ലാ പ്രാർത്ഥനാശംസകളും നേരുകയും, പുതിയ കൗൺസിലിന്റെ ആദ്യസമ്മേളനത്തിലേക്ക് വന്നവർക്ക് എല്ലാ മംഗളങ്ങളും നേരുകയും ചെയ്തു. പുതിയ സെക്രട്ടറി ഫാ. ജോസ് പുല്ലോപ്പിള്ളി റിപ്പോർട്ട് അവതരിപ്പിച്ചു.

സീറോ മലബാർ സഭയ്ക്ക് മേജർ ആർക്കി എപ്പിസ്കോപ്പൽ പദവി ലഭിച്ചതിന്റെ സിൽവർ ജൂബിലി ദിനത്തിൽ അഭിവന്ദ്യ വാണിയപുരയ്ക്കൽ പിതാവ് ഏവർക്കും മംഗളങ്ങൾ നേർന്നു. തുടർന്ന് പാസ്റ്ററൽ കൗൺസിലിന്റെ പ്രസക്തിയെക്കുറിച്ച് സംസാരിച്ചു. അജപാലക സമിതി പ്രഗത്ഭരായ, അറിവുള്ള അല്മായർക്ക് അവരുടെ അഭിപ്രായം പങ്കുവയ്ക്കുവാനുള്ള അവസരം (L.G. 37) ആണ്. മെത്രാന്മാർ അവരെ പരിഗണിക്കണം. ഓരോ രൂപതയിലും അല്മായ സമിതി വേണമെന്ന് (Can.272) കാനൻ നിയമവും പറയുന്നു. സാധാരണ ജീവിതത്തിലും കൂടിയാലോചന പക്വമായ തീരുമാനത്തിന് സഹായിക്കും. സഭയ്ക്ക്



മെത്രാൻസിനഡും സ്ഥിരം സിനഡും ഉണ്ട്. മെത്രാൻ സിനഡ് വർഷത്തിൽ രണ്ടു പ്രാവശ്യവും സ്ഥിരം സിനഡ് എല്ലാ അവശ്യസന്ദർഭങ്ങളിലും ഒരുമിച്ചുകൂടുന്നു. രൂപതാ പാസ്റ്ററൽ കൗൺസിൽ സഭയ്ക്കുവേണ്ടി നിലകൊള്ളണം. ഒരുമിച്ചു കൂടുമ്പോഴും അല്ലാത്തപ്പോഴും തിരുത്തൽ ശക്തി ആയി നിലക്കൊള്ളുവാനും സഭയുടെ സംരക്ഷണത്തിനും അംഗങ്ങൾക്ക് കടമയുണ്ട്- പിതാവ് സ്വന്തം ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ വിശദീകരിച്ചു.

അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് വാണിയപുരയ്ക്കൽ പിതാവിന് പൗരോഹിത്യ രജതജൂബിലി മംഗളങ്ങൾ ആശംസിക്കുകയും പൊന്നാട അണിയിക്കുകയും ചെയ്തു.

ഇടവേളയ്ക്കുശേഷം യോഗം 11.30 -ന് സമ്മേളിച്ചു. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് പുതിയ പാസ്റ്ററൽ കൗൺസിലിനെ സ്വാഗതം ചെയ്തു. ഒരുമിച്ച് ചിന്തിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്നത് ഇന്നിന്റെ ആവശ്യമാണ് എന്ന് പിതാവ് പറഞ്ഞു. എപ്പാർക്കിയൽ അസംബ്ലിയുടെ അവലോകനം വിവിധ തലങ്ങളിൽ ജനപങ്കാളിത്തത്തോടെ നടത്തണമെന്ന് എല്ലാവരും ആവശ്യപ്പെട്ടു. ഓഖി ദുരന്തത്തിന്റെ ദൂഷ്യഫലങ്ങൾ ഏറെ വേദനാജനകമാണ്. അനേകർക്ക് എല്ലാം നഷ്ടപ്പെട്ടു. KCBC പ്രഖ്യാപിച്ചിരിക്കുന്ന പിരിവ് കഴിയുന്നതും വേഗം സമാഹരിച്ച് സഭ നേരിട്ട് അത് ഗുണകാംക്ഷികളിൽ എത്തിക്കണമെന്ന് തീരുമാനിച്ചു. സത്നായിൽ വൈദികർക്കും സെമിനാരിക്കാർക്കുമെതിരായി ഉണ്ടായ ആക്രമണം ഒരു സൂചനയാണ്. അതിനെ കൗൺസിൽ അപലപിക്കുന്നു. ഈ രണ്ട് സംഭവങ്ങളിലും പ്രതിഷേധിച്ചുകൊണ്ട് പ്രമേയം പാസാക്കണമെന്ന് തീരുമാനിച്ചു.

ഈ വർഷം കോതമംഗലം രൂപതയ്ക്ക് 6 ഡീക്കന്മാരാണുള്ളത്. അവരുടെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിലേക്ക് ഏവരെയും ക്ഷണിച്ചു. 4 കപ്പൂച്ചിൻ വൈദികർ 6 മാസത്തേക്ക് രൂപതയിൽ സേവനം ചെയ്യുവാനായി വന്നിട്ടുണ്ട്. അവരെ സ്വാഗതം ചെയ്തു.

തുടർന്ന് ഈ വർഷത്തെ ബിഷപ്പ് പുന്നക്കോട്ടിൽ ജൂബിലി മെമ്മോറിയൽ സ്കോളർഷിപ്പുകളുടെ വിതരണം നടത്തിക്കൊണ്ട് സഭയുടെ സാമൂഹ്യ പ്രതിബദ്ധതയെക്കുറിച്ചും സ്കോളർഷിപ്പ് സ്വീകരിക്കുന്നവരും പിന്നീട് സമൂഹസൃഷ്ടിയിൽ പങ്കാളികളാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അഭിവന്ദ്യ പിതാവ് പറഞ്ഞു. കോതമംഗലം, ഇടുക്കി രൂപതകളിൽ നിന്നായി 24 പേർക്ക് 25000/- രൂപ വീതം വിതരണം ചെയ്തു. രൂപത PRO ശ്രീ. റൈജു എല്ലാവർക്കും ക്രിസ്തുമസ്

ആശംസകൾ നേർന്നു. അഭിവന്ദ്യ പിതാവ് രൂപതാ നിയമസംഗ്രഹവും ഡയറക്ടറിയും 2018 -ലെ ഡയറിയും എല്ലാവർക്കും നൽകി.

ഉച്ചഭക്ഷണത്തിനുശേഷം 1.45-ന് കൗൺസിൽ സമ്മേളിച്ച് രൂപതയിലെ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും 2016-17 കണക്കുകൾ വായിച്ച് പാസ്സാക്കി. യോഗത്തിന്റെ വിലയിരുത്തലും സമാപന സന്ദേശവും മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ നല്കി. 3.30 pm-ന് യോഗനടപടികൾ സമാപിച്ചു.

*Secretary*

## മൈനർ സെമിനാരി

*MS. 1 /2018* **ക്രിസ്മസ് ആഘോഷം**

മൈനർ സെമിനാരിയിലെ ക്രിസ്മസ് ആഘോഷം ഡിസംബർ 22-ാം തീയതി അഭിവന്ദ്യ പിതാവിന്റെ സാന്നിദ്ധ്യത്തിൽ നടന്നു. ബ്രദേഴ്സ് അവതരിപ്പിച്ച ക്രിസ്മസ് പ്രോഗ്രാം മനോഹരമായിരുന്നു.

*MS. 2 /2018* **ദൈവവിളി ക്യാമ്പ്**

2017 ഡിസംബർ 27, 28 തീയതികളിൽ മൈനർ സെമിനാരിയിൽ വച്ച് ദൈവവിളിക്യാമ്പ് നടന്നു. ക്യാമ്പിലേക്ക് കുട്ടികളെ പറഞ്ഞയച്ച എല്ലാ അച്ചന്മാർക്കും സിസ്റ്റേഴ്സിനും ഹൃദയപൂർവം നന്ദി.

*MS 3 /2018* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | George Peter Parankimyalil, Nellimattam | ₹ | 5,000 |
| 2 | One benefactor, Cathedral | ₹ | 25,000 |
| 3 | In loving memory of Rev Fr. Joseph Kannathukuzhy by his family members | ₹ | 3,25,001 |
| 4 | Punnus Parekunnel Vannappuram | ₹ | 6,000 |
| 5 | John Tharian Elanjickal Inchoor | ₹ | 5,000 |
| 6 | Vijnanamatha Church Thodupuzha East | ₹ | 25,000 |
| 7 | CHF Kripajyothi Provincal House Muvattupuzha | ₹ | 10,000 |
| 8 | In memory of Pottayil Elikutty by Joseph John Pottayil Kadalikad | ₹ | 5,000 |
| 9 | George Kelakam Chalassery | ₹ | 10,000 |
| 10 | Merly Vakkacan Illipparabil, Thrikariyoor | ₹ | 2,000 |

*Rector*



## വിജ്ഞാനഭവൻ

*V.1/2018* **രണ്ടാം സെമസ്റ്റർ പരീക്ഷ**

10, 11, 12 ക്ലാസ്സുകളിലെ പരീക്ഷ ജനുവരി 28 ഞായറാഴ്ചയായിരിക്കും.

Std - X, XI, XII - സമയം: 2.00 pm - 4.00 pm

1. ചോദ്യപേപ്പറുകൾ ജനുവരി 27-ാം തീയതി മേഖലാ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.
2. പഴയ രജിസ്റ്റർ നമ്പർ തന്നെയാണ് കുട്ടികൾക്ക് പറഞ്ഞ് കൊടുക്കേണ്ടത്.
3. പരീക്ഷാ സമയം കൃത്യമായി പാലിക്കേണ്ടതാണ്.
4. X, XII ക്ലാസ്സുകളിലെ മൂല്യനിർണ്ണയം നടത്തിയ പരീക്ഷാ പേപ്പറും, മാർക്ക് ലിസ്റ്റും (രൂപതാ കേന്ദ്രത്തിൽനിന്നും തന്നിരിക്കുന്ന ബി. ലിസ്റ്റിൽ എഴുതണം) രൂപതാ കേന്ദ്രത്തിൽ ഫെബ്രുവരി 16-ാം തീയതിക്ക് മുമ്പായി എത്തിക്കണം. **(മേഖലാ കേന്ദ്രങ്ങളിൽ ഫെബ്രുവരി 16-ാം തീയതി മാത്രമേ എത്തിക്കാവൂ.)**

   പരീക്ഷയ്ക്കുശേഷം എല്ലാ ഞായറാഴ്ചകളിലും കുട്ടികൾ ദൈവാലയത്തിൽ വി. കുർബാനയ്ക്ക് വരുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

*V.2/2018* **അനുമോദനങ്ങൾ**

2017 നവംബർ 23, 24, 25 തീയതികളിലായി POC -യിൽ വച്ച് നടന്ന ലോഗോസ് ക്വിസ് സംസ്ഥാനതല പരീക്ഷയിൽ നമ്മുടെ രൂപതയിൽ നിന്നും താഴെ പറയുന്നവർ സമ്മാനാർഹരായി. വിജയികൾക്കും പങ്കെടുത്തവർക്കും അഭിനന്ദനങ്ങൾ.

A വിഭാഗം - അഷിത ബെന്നി കൊളവേലി, നാകപ്പുഴ III
B വിഭാഗം - ജോവാന മേരി ജോർജ് തെക്കേക്കര, വണ്ണപ്പുറം IV
ഡോൺ സാവിയോ ജോർജ് ഇടത്തല, കുളപ്പുറം IV
C വിഭാഗം - സി. ജെസ്ന തെരേസ് FCC, മൂവാറ്റുപുഴ II
അനിറ്റ ജോജി വേങ്ങപ്പറമ്പിൽ, കുണിഞ്ഞി IV
D വിഭാഗം - റോസ്മേരി ജിജി പഴയംകോട്ടിൽ, കുണിഞ്ഞി I
F വിഭാഗം - ഏലിക്കുട്ടി തോമസ് മണിയമ്പ്രയിൽ, പന്നിമറ്റം II

*V.3/2018* **വിശ്വാസോത്സവം**

വിശ്വാസോത്സവത്തിന്റെ പുസ്തകങ്ങൾക്ക് മാറ്റമുള്ളതിനാൽ ഓർഡർ തന്നതിൽ കുറവുണ്ടെങ്കിൽ പുതിയ ഓർഡർ ജനുവരി 10-ന് മുമ്പ് തരേണ്ടതാണ്.

*V.4/2018* **ടീച്ചേഴ്സ് സെമിനാർ**

ജനുവരി 07 - കരിമണ്ണൂർ, വാഴക്കുളം, മാറിക
സ്ഥലം - **നെസ്റ്റ്, മൂവാറ്റുപുഴ**
ജനുവരി 14 - ആരക്കുഴ, മുതലക്കോടം, കാളിയാർ
സ്ഥലം - **നെസ്റ്റ്, മൂവാറ്റുപുഴ**

* മംഗലപ്പുഴ സെമിനാരിയിലെ പ്രൊഫസർ ഡോ. വിൻസെന്റ് കുണ്ടുകുളം ആണ് സെമിനാർ നയിക്കുന്നത്.
* സെമിനാറിന് വരുന്നവരുടെ എണ്ണം 10 ദിവസം മുമ്പ് വിജ്ഞാനഭവൻ ഓഫീസിൽ അറിയിക്കേണ്ടതാണ്.
* **സെമിനാറിന് വരുന്നവർ നോട്ടുബുക്കും പേനയും കൊണ്ടുവരണം. വി. കുർബാന രാവിലെ 9.30 -ന് ആയിരിക്കും.**

*V. 5/2018* **വിശ്വാസപരിശീലകർക്കുള്ള ക്വിസ് മത്സരം**

**രൂപതാവിജയികൾ**

**സിസ്റ്റേഴ്സ്**

1 സി. ജോൺസി CMC, വാഴക്കുളം
2 സി. അനിറ്റ് കൊച്ചുപുരയ്ക്കൽ SABS, കദളിക്കാട്
3 സി. അലോഷ്യസ് SABS, ചെപ്പുകുളം
സി. ലിറ്റി സെബാസ്റ്റ്യൻ FCC, മൂവാറ്റുപുഴ

**അല്മായർ**

1 ഡിന്റ ബേബി കാവാട്ട്, കോലടി
2 സെറിൻ സിറിയക് തടത്തിൽ, ചിലവ്
3 റോസിലി ജോർജ് പുറ്റനാൽ, ആയവന

*V. 6/2018* **സമ്മാനദാനം**

2017-ലെ ലോഗോസ് ക്വിസിൽ A മുതൽ F വരെ വിഭാഗങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയവർ, കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവകകൾ, അംഗസംഖ്യാനുപാതത്തിൽ കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവകകൾ, കോൺഗ്രിഗേഷൻ, ഓരോ വിഭാഗത്തിലെയും സമ്മാനാർഹരായ വിശ്വാസപരിശീലകർ, വിശ്വാസപരിശീലനരംഗത്ത് 50, 25 വർഷങ്ങൾ പൂർത്തിയാക്കിയവർ, SMCC 7, 12 ക്ലാസ്സിലെ രൂപതാവിജയികൾ, ടീച്ചേഴ്സ് ക്വിസ് വിജയികൾ, 4, 7, 10 ക്ലാസ്സുകളിലെ കഴിഞ്ഞ അദ്ധ്യയനവർഷത്തിലെ സ്കോളർഷിപ്പ് വിജയികൾ, 12-ാം ക്ലാസ്സിൽ 1, 2, 3 സ്ഥാനം നേടിയവർ, ഈ വർഷത്തെ



അദ്ധ്യാപകർക്കുള്ള ലേഖന മത്സര വിജയികൾ, കുട്ടികൾക്കുള്ള കവിതാമത്സര വിജയികൾ എന്നിവർക്കുള്ള സമ്മാനങ്ങൾ കോതമംഗലം ബിഷപ്പ്സ് ഹൗസിൽ വച്ച് 2018 ജനുവരി 26-ാം തീയതി ഉച്ചകഴിഞ്ഞ് 3.00 pm-ന് അഭിവന്ദ്യപിതാവ് നൽകുന്നു. സമ്മാനാർഹരായവർ തദവസരത്തിൽ എത്തിച്ചേരേണ്ടതാണ്.

**NB. സമ്മാനാർഹരായവരെ HM ഇക്കാര്യങ്ങൾ അറിയിക്കുമല്ലോ.**

*V. 7/2018* **വിശ്വാസപരിശീലന രംഗത്ത് - 35, 30, 25, 20, 15, 10 വർഷം പൂർത്തിയാക്കുന്നവർ**

**35** - സി.സി. അഗസ്റ്റിൻ ചിറ്റോടിയിൽ, ചെപ്പുകുളം
**30** - സിസിലി ചിറപുറത്ത്, മുതലക്കോടം
സി. റെജിൻ SH, മുതലക്കോടം
**25** - ഫിലോമിന ജോർജ് ഉളിയിടത്ത്, മലയിഞ്ചി
**20** - മേഴ്സി എടശ്ശേരിയിൽ, മുതലക്കോടം
**15** - സി. മെറിൻ CMC, വാഴക്കുളം
ലില്ലി മാത്യു ആശാരുകുടിയിൽ, വാഴക്കുളം
**10** - മനോജ് വട്ടക്കുഴിയിൽ, നാകപ്പുഴ
ഷിബു മാത്യു മടേക്കൽ, വാഴപ്പിള്ളി
അൻസിൻ ജെയ്സൺ കാര്യാമഠം, വാഴക്കുളം
ജെസി വിൻസെന്റ് കട്ടയ്ക്കൽ, വാഴക്കുളം
സി. നവ്യ LSDP, വാഴക്കുളം
സി. ലിസാ ജോർജ് CMC, മാതിരപ്പിള്ളി
ജോയ് വടക്കേൽ, ചിറ്റൂർ

*V. 8/2018* **പ്രൈവറ്റ് രജിസ്ട്രേഷൻ**

HCC I, HCC II എന്നീ ക്ലാസ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയ കുട്ടികൾക്കുള്ള കോൺടാക്റ്റ് ക്ലാസിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ബഹു. ഹെഡ്മാസ്റ്റർ/ അദ്ധ്യാപകർ ഇക്കാര്യം കുട്ടികളെ അറിയിക്കുമല്ലോ.

**കോൺടാക്റ്റ് ക്ലാസ്സ് 2-ാം സെമസ്റ്റർ**

2018 ജനുവരി 13 ശനി
Contact Class II - Std. XI, XII
സ്ഥലം : നെസ്റ്റ്, മൂവാറ്റുപുഴ
സമയം : 9.30 a.m. - 4.30 p.m.

- ക്ലാസ്സിൽ പങ്കെടുക്കുവാൻ വരുന്നവർ ഉച്ചഭക്ഷണം കരുതണം.
- ഈ ക്ലാസ്സിൽ പങ്കെടുക്കാത്തവർക്കായി മറ്റൊരു ക്ലാസ്സ് ഉണ്ടായിരിക്കുന്നതല്ല.
- കോൺടാക്റ്റ് ക്ലാസ്സിൽ പങ്കെടുക്കാത്തവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതല്ല.
- XI, XII ക്ലാസ്സുകളിലെ നവോദയ സ്കൂളിലെ കുട്ടികൾ അവധിക്കാലത്ത് നിർബന്ധമായും ഒരു ധ്യാനത്തിൽ സംബന്ധിക്കണം.
- ഇന്റേണൽ അസ്സെസ്മെന്റ് മാർക്കിനു പകരമായി ഇത് പരിഗണിക്കുന്നതാണ്. XII - ാം ക്ലാസ്സിലെ കുട്ടികൾ മൂവാറ്റുപുഴ നെസ്റ്റിൽ (NESTT) വച്ച് നടക്കുന്ന ജീവിതദർശൻ ധ്യാനത്തിൽ സംബന്ധിക്കുന്നതാണ് ഉചിതം. ഇതു സംബന്ധിച്ച രേഖ ഹാജരാക്കിയാലേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

*V. 9/2018* **സ്കോളർഷിപ്പ് പരീക്ഷ**

4, 7, 10 ക്ലാസ്സുകളിലെ കുട്ടികൾക്കായി ഒരുക്കുന്ന സ്കോളർഷിപ്പ് പരീക്ഷയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| | **Std. IV** | |
| Std IV | - | 70% |
| I, II, III | - | 20 % |
| പൊതുവിജ്ഞാനം | - | 10 % |
| | **Std. VII** | |
| Std VII | - | 70% |
| V, VI | - | 20 % |
| പൊതുവിജ്ഞാനം | - | 10 % |
| | **Std. X** | |
| Std X | - | 70% |
| VIII, IX | - | 20 % |
| പൊതുവിജ്ഞാനം | - | 10 % |

*V. 10/2018* **ലോഗോസ് സമ്മാനങ്ങൾ**

ലോഗോസിന്റെ ഇടവകകളിലേക്കുള്ള സമ്മാനങ്ങൾ ഡിസംബർ മുതൽ വിതരണം ചെയ്തു തുടങ്ങി. സമ്മാനങ്ങൾ കൈപ്പറ്റാത്തവർ ജനുവരി 15-ന് മുമ്പ് കൈപ്പറ്റേണ്ടതാണ്.



*V.11/2018* **ഷോർട്ട് ഫിലിം**

ഷോർട്ട് ഫിലിം മത്സരത്തിൽ പങ്കെടുക്കാൻ പേരു തന്നവർ DVD ജനുവരി 20-ന് മുമ്പ് എത്തിക്കേണ്ടതാണ്. പിന്നീട് ലഭിക്കുന്നത് മത്സരത്തിന് പരിഗണിക്കുന്നതല്ല.

*V. 12/2018* **സൺഡേ ശാലോം വീക്കിലി**

ശാലോം ടൈംസിന്റെ സഹകരണത്തോടുകൂടി നമ്മുടെ രൂപതയിലെ എല്ലാ വിശ്വാസപരിശീലകർക്കും സൺഡേ ശാലോം വാരിക ഒരു വർഷം സൗജന്യമായി നൽകി. ഇനി ആവശ്യമുള്ളവർക്ക് നേരിട്ട് വാങ്ങാവുന്നതാണ്.

*V. 13/2018* **വിജ്ഞാനഭവൻ ബുക്ക് സ്റ്റാൾ**

കുർബാനപ്പുസ്തകം, പോക്കറ്റ് ബൈബിൾ, ആദ്യകുർബാന പുസ്തകം, കൊന്ത, വെന്തിങ്ങ, സി.ഡി., ഗ്ലോബ്, കാസ, ഗിഫ്റ്റ് ഐറ്റംസ്, പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാണ്.

*Director*

## കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 1 /2018* **സ്കൂൾ റിപ്പോർട്ടു സമർപ്പണം**

2017-2018 അദ്ധ്യയന വർഷത്തെ പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കുവാനുള്ള ഫോറം വെബ് സൈറ്റിൽ നിന്നെടുത്ത് യഥാവിധി പൂരിപ്പിച്ച് 2018 ജനുവരി **15-ാം തീയതിക്കകം** ഈ ഓഫീസിൽ കിട്ടത്തക്ക വണ്ണം എത്തിച്ചുതരണമെന്ന് താല്പര്യപ്പെടുന്നു. താമസിച്ചു കിട്ടുന്ന റിപ്പോർട്ട് പരിഗണിക്കുന്നതല്ല.

*Edn. 2/2018* **Fitness Application**

2018 -2019 സ്കൂൾ വർഷത്തേക്കുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള അപേക്ഷകൾ തരാത്തവർ എത്രയും വേഗം പൂരിപ്പിച്ച് 2018 ജനുവരി 15-ാം തീയതിക്കകം ഈ ഓഫീസിൽ എത്തിക്കണമെന്ന് അറിയിക്കുന്നു. പ്രഥമാദ്ധ്യാപകർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുക. ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതല്ല.

*Edn. 3/2018* **Catechism/Moral Science Competitive Examination**

2017- 2018 അദ്ധ്യയന വർഷത്തെ Catechism/Moral Science മത്സ

രപരീക്ഷ 2018 ഫെബ്രുവരി 10-ാം തീയതി ശനിയാഴ്ച രാവിലെ 10.00 മുതൽ 12 വരെ മുൻ നിശ്ചയപ്രകാരം നടത്തുന്നതാണ്. (ഡിസംബർ മാസത്തിലെ ദൈവരാജ്യം കാണുക). NB. മത്സരപരീക്ഷയ്ക്കുള്ള ചോദ്യങ്ങൾ മൾട്ടിപ്പിൾ ചോയ്സ് രീതിയിലായിരിക്കും.

*Edn. 4 /2018* **വിജയാശംസകൾ**

വിവിധ മേളകളിൽ മികച്ച വിജയം നേടിയ സ്കൂളുകളിലെ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും രക്ഷകർത്താക്കളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

S.H. Girls High School, Muthalakodam

സബ് ജില്ലാ കലോത്സവം - UP ഓവറോൾ
അറബി കലോത്സവം - UP ഓവറോൾ
കായികമേള - HS ഓവറോൾ
വടം വലി - സ്റ്റേറ്റ് ലവൽ - III rd
നാഷണൽ ലവൽ - III rd
ഐ.റ്റി. മേള (സബ് ജില്ല)
UP ഓവറോൾ III rd
പ്രവൃത്തിപരിചയമേള (സബ്ജില്ല)- ഓവറോൾ

സെന്റ് ജോൺസ് UPS, Kalloor

സംസ്കൃതോത്സവം - ഓവറോൾ
കലോത്സവം - LP/UP റണ്ണേഴ്സ് അപ്പ്
കായിക മേള - LP/UP റണ്ണേഴ്സ് അപ്പ്
ശാസ്ത്രമേള - LP റണ്ണേഴ്സ് അപ്പ്

സെന്റ് മേരീസ് HS, Kaliyar

സുബ്രതോ കപ്പ് ഫുട്ബോൾ (സബ് ജൂനിയർ) - ഓവറോൾ
നീന്തൽ മത്സരം (സബ് ജില്ല) - റണ്ണർ അപ്പ്
നീന്തൽ മത്സരം (റവന്യൂ ജില്ല) - റണ്ണർ അപ്പ്
കെ.സി.എസ്.എൽ. രൂപത കലോത്സവം - റണ്ണർ അപ്പ്
ശാസ്ത്രമേള (ഉപജില്ല) - റണ്ണർ അപ്പ്

സെന്റ് റീത്താസ് LPS, Mudakkarai

റവന്യൂ ജില്ല പ്രവൃത്തി പരിചയമേള
LP Section - ഓവറോൾ
UP Section- റണ്ണേഴ്സ് അപ്പ്

ലിറ്റിൽ ഫ്ളവർ LPS, Muvattupuzha

സബ് ജില്ല കലോത്സവം - ഓവറോൾ



സബ്ജില്ല പ്രവൃത്തി പരിചയമേള - ഓവറോൾ

എല്ലാവർക്കും ക്രിസ്മസ്സിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ!.

*Secretary*

## സോഷ്യൽ സർവീസ്

*SS. 1 /2018* **ഊർജ്ജ സംരക്ഷണ ദിനാചരണം നടത്തി**

രൂപതാ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ എനർജി മാനേജ്മെന്റ് സെന്ററിന്റെയും സെന്റർ ഫോർ എൻവയോൺമെന്റിന്റെയും സഹകരണത്തോടെ ഊർജ്ജസംരക്ഷണ ദിനാചരണം നടത്തി. കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ നടന്ന ബോധവത്ക്കരണ സെമിനാർ KSSS ഡയറക്ടർ ഫാ. ജേക്കബ് തലാപ്പിള്ളിൽ ഉദ്ഘാടനം ചെയ്തു. എനർജി മാനേജ്മെന്റ് സെന്റർ ട്രെയിനർ ജോൺസൺ കറുകപ്പിള്ളിൽ സെമിനാറിന് നേതൃത്വം നൽകി. തുടർന്ന് നടന്ന ഊർജ്ജസംരക്ഷണറാലി മുൻസിപ്പൽ കൗൺസിലർ ടീന മാത്യു ഫ്ളാഗ് ഓഫ് ചെയ്തു. ജോസ് കോടമുള്ളിൽ, ഫെബിൻ ഫ്രാൻസിസ്, ചിന്നമ്മ ജോസ്, ലൈസമ്മ സഖറിയ, ജെയ്നമ്മ ജോസ് എന്നിവർ നേതൃത്വം നൽകി.

*SS. 2 /2018* **ഗുണഭോക്താക്കൾക്ക് സംരംഭകത്വപരിശീലനം നൽകി**

കോതമംഗലം രൂപത സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന SAFP -യുടെ ഗുണഭോക്താക്കളുടെ സംഗമവും സംരംഭകത്വ പരിശീലനവും കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ വച്ച് നടത്തുകയുണ്ടായി. KSSS ഡയറക്ടർ ഫാ. ജേക്കബ് തലാപ്പിള്ളിൽ ഉദ്ഘാടനം ചെയ്തു. കത്തീഡ്രൽ അസി. വികാരി ഫാ. പോൾ കളത്തൂർ അദ്ധ്യക്ഷത വഹിച്ചു. ജോൺസൺ കറുകപ്പിള്ളിൽ പരിശീലനത്തിന് നേതൃത്വം വഹിച്ചു. വിവിധ ഇടവകകളിൽ നിന്നുമായി 150-ഓളം പേർ പരിപാടിയിൽ പങ്കെടുത്തു. സോപ്പുല്പന്നങ്ങളുടെ നിർമ്മാണ പരിശീലനവും നടത്തുകയുണ്ടായി.

*SS. 3 /2018* **ആശാകിരണം ധനസഹായം**

ആശാകിരണം കാൻസർ സുരക്ഷാപദ്ധതി പ്രകാരം 2017 നവംബർ മാസത്തിൽ 53 പേർക്കായി 224800/- രൂപ സഹായമായി നൽകുകയുണ്ടായി.

*SS. 4 /2018* **ക്രെഡിറ്റ് യൂണിയൻ ഓഡിറ്റിംഗ്**

ഈ വർഷം ഘട്ടം തീരുന്ന ക്രെഡിറ്റ് യൂണിയനുകൾ ഓഫീസു

മായി ബന്ധപ്പെട്ട് ഓഡിറ്റ് ചെയ്യുകയും ഘട്ടം പൂർത്തിയാക്കി പുതിയ ഘട്ടം ആരംഭിക്കേണ്ടതുമാണ്.

*SS. 5 /2018* **ക്രെഡിറ്റ് യൂണിയൻ ഫണ്ട്**

ക്രെഡിറ്റ് യൂണിയന്റെ ഫണ്ട് ദേശസാൽകൃത/ഷെഡ്യൂൾസ് ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്നത് പുതിയ ബാങ്ക് നിയമങ്ങൾ മൂലം ഇടപാടുകൾ നടത്താൻ ബുദ്ധിമുട്ടുണ്ടെങ്കിൽ അവ പിൻവലിച്ച് KSSS ഓഫീസിൽ അടയ്ക്കാവുന്നതാണ്. ഇത്തരം നിക്ഷേപങ്ങൾക്ക് ബാങ്ക് പലിശ നൽകും. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.

*Director*

## തിരുബാലസഖ്യം

*HC 1/2018* **പ്രവർത്തനവർഷ ഉദ്ഘാടനവും തിരുബാലസഖ്യദിനാഘോഷവും**

ഈ വർഷത്തെ തിരുബാലസഖ്യം പ്രവർത്തനവർഷ ഉദ്ഘാടനം ഫെബ്രുവരി 10-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് മോൺ ജോർജ് ഓലിയപ്പുറം നിർവഹിക്കുന്നു. തിരുബാലസഖ്യദിനമായി ആഘോഷിക്കുന്ന അന്നേദിവസം നടക്കുന്ന സമ്മേളനത്തിൽ എല്ലാ ശാഖകളിൽ നിന്നും ആനിമേറ്റേഴ്സും അഞ്ച് ഭാരവാഹികളും പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

*HC 2 /2018* **ആനിമേറ്റേഴ്സ് സംഗമം**

ഫെബ്രുവരി 10-ാം തീയതി പ്രവർത്തനവർഷ ഉദ്ഘാടനദിനത്തിൽ തന്നെ ആനിമേറ്റേഴ്സ് സംഗമം ഉണ്ടായിരിക്കുന്നതാണ്. എല്ലാ ആനിമേറ്റേഴ്സും സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്.

*Director*

## ചെറുപുഷ്പ മിഷൻലീഗ്

*CML 1 /2018* **മേഖലാ സന്ദർശനങ്ങൾ**

ചെറുപുഷ്പ മിഷൻലീഗ് കോതമംഗലം രൂപതാ സമിതിയുടെ മേഖലാസന്ദർശനങ്ങളുടെ തീയതികൾ ചുവടെ കൊടുത്തിരിക്കുന്നു.

ജനുവരി 7 - കരിമണ്ണൂർ, തൊടുപുഴ, മുതലക്കോടം

ജനുവരി 14 - മൂവാറ്റുപുഴ, കോതമംഗലം, വാഴക്കുളം

ജനുവരി 21 - ഊന്നുകൽ, കാളിയാർ



*CML 2 /2018* **ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്**

ചെറുപുഷ്പ മിഷൻലീഗ് കോതമംഗലം രൂപത ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് 2018 ജനുവരി 27-ന് രാവിലെ 9.30-ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തുന്നതാണ്. എല്ലാ ശാഖാ ജോയിന്റ് ഡയറക്ടേഴ്സും നിർബന്ധമായി പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*CML 3 /2018* **നവവൈദികരെ ആദരിക്കൽ**

കോതമംഗലം രൂപതയ്ക്കുവേണ്ടി പൗരോഹിത്യം സ്വീകരിച്ച 6 നവവൈദികരെ 2018 ജനുവരി 27-ന് രാവിലെ 9.30-ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ആദരിക്കുന്നു. നവവൈദികർ വി. കുർബാനയർപ്പിക്കുകയും തുടർന്ന് മിഷൻ എക്സ്പീരിയൻസ് ഷെയറിംഗും ഉണ്ടായിരിക്കുന്നതാണ്.

*CML 4 /2018* **ജപമാല സൈന്യസംഗമം, മിഷൻബോയ്/ മിഷൻഗേൾ സംഗമം**

ചെറുപുഷ്പ മിഷൻലീഗ് കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ കുട്ടികളുടെ ആത്മീയമുന്നേറ്റം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രാർത്ഥനാക്കൂട്ടായ്മയായ ജപമാലസൈന്യത്തിന്റെ സംഗമവും, ശാഖാ പ്രവർത്തനങ്ങൾക്കും മിഷൻ പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിക്കുന്ന കുഞ്ഞുതാരകങ്ങളായ മിഷൻബോയ്/മിഷൻഗേൾ സംഗമവും 2018 ജനുവരി 27-ന് രാവിലെ 9.30-ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തുന്നതാണ്. അന്നേ ദിവസം രാവിലെ 9.30-ന് രജിസ്ട്രേഷനുശേഷം ജപമാല റാലിയും കുട്ടികൾക്കുവേണ്ടിയുള്ള ക്ലാസ്സും ഉണ്ടായിരിക്കുന്നതാണ്. ഉച്ചഭക്ഷണം നൽകുന്നതാണ്.

*CML 5 /2018* **ചെറുസൂനം ക്വിസ് (ശാഖാതലം)**

ചെറുസൂനം ക്വിസ് ശാഖാ തലത്തിലുള്ള മത്സരം 2018 ഫെബ്രുവരി 11-ാം തീയതി എല്ലാ ശാഖകളിലും നടത്തേണ്ടതാണ്. ക്വിസിനുള്ള ചോദ്യങ്ങൾ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റിന് വരുമ്പോൾ നൽകുന്നതാണ്.

*Director*

## കെ.സി.എസ്.എൽ.

*KCSL 1/2018* **സംസ്ഥാന കലോത്സവം**

കെ.സി.എസ്.എൽ. സംസ്ഥാനകലോത്സവം 2018 ജനുവരി 12, 13

(വെള്ളി, ശനി) ദിവസങ്ങളിലായി കൊല്ലം രൂപതയിൽ വച്ച് നടക്കുന്നു. നമ്മുടെ രൂപതാ കലോത്സവത്തിലെ ജേതാക്കൾ എല്ലാവരും വളരെ നിർബന്ധമായും സംസ്ഥാനകലോത്സവത്തിൽ പങ്കെടുക്കണം. 12-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം നെസ്റ്റിൽ എത്തി 13-ാം തീയതി വെളുപ്പിന് രൂപതാ ടീം ഒരുമിച്ച് 3 ബസ്സുകളിലായി കൊല്ലത്തേക്ക് തിരിക്കും. ആനിമേറ്റർമാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

*KCSL 2/2018* **പഠനാനുഭവധ്യാനം**

10, 12 ക്ലാസ്സുകളിലെ കുട്ടികൾക്കായി പഠനാനുഭവധ്യാനം ക്രിസ്തുമസ് അവധിക്കാലത്ത് നടത്തുകയുണ്ടായി. പങ്കെടുത്തവർക്കും കുട്ടികളെ ഒരുക്കി പറഞ്ഞയച്ചവർക്കും പ്രത്യേകം നന്ദി.

*KCSL 3/2018* **ആനിമേറ്റേഴ്സ് സംഗമം**

കെ.സി.എസ്.എൽ. ആനിമേറ്റേഴ്സിന്റെ രണ്ടാം സംഗമം 2018 ജനുവരി 6-ാം തീയതി ശനിയാഴ്ച മൈനർ സെമിനാരി ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. ദൈവവിളി പ്രോത്സാഹനം വിഷയമാകുന്ന ഈ സംഗമത്തിലേക്ക് എല്ലാ ആനിമേറ്റേഴ്സിനെയും സ്വാഗതം ചെയ്യുന്നു. സംഗമം 9.30 am -ന് ആരംഭിക്കും. ഉച്ചഭക്ഷണത്തോടെ സമാപിക്കും.

*KCSL 4/2018* **സംസ്ഥാനതല സാഹിത്യോത്സവം - അഭിനന്ദനങ്ങൾ**

കെ.സി.എസ്.എൽ. സംസ്ഥാനതല സാഹിത്യോത്സവത്തിൽ കോതമംഗലം രൂപത മികച്ച വിജയം നേടി. രൂപതയെ പ്രതിനിധീകരിച്ച് സാഹിത്യോത്സവത്തിൽ പങ്കെടുത്തവർക്കും അവരെ ഒരുക്കി പറഞ്ഞയച്ചവർക്കും അഭിനന്ദനങ്ങൾ.

**വിജയികൾ**

**U.P. വിഭാഗം**

നിത ടെസ് ബിജു - ഉപന്യാസം II, SAGHS, കോതമംഗലം
സ്നേഹ പോൾ & സോന ഷാജി - സ്കോളർഷിപ്പ് I, SAGHS, കോതമംഗലം

**HS വിഭാഗം**

ലിന്റ ജോൺ - കഥാരചന I, LFHS, ഊന്നുകൽ
റിച്ചു ലിൻസൺ - ജലച്ചായം I, ജയ്റാണി സ്റ്റേറ്റ്, തൊടുപുഴ
എ.എസ്. അക്ഷയ - ഉപന്യാസം II, SAGHSS, കോതമംഗലം

**HSS വിഭാഗം**

നിമ്മിലാൽ & ദിവ്യ - KCSL Quiz II, SAGHS, കോതമംഗലം
ആൻസ് എം. ജോർജ് - ഉപന്യാസം II, SGHS, കലയന്താനി

*Director*



# ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 1 /2018* **വിവാഹ ഒരുക്കസെമിനാറിൽ പങ്കെടുത്തവരുടെ ഒത്തുചേരൽ**

കഴിഞ്ഞ വർഷം നെസ്റ്റ് പാസ്റ്ററൽസെന്ററിൽവച്ചു നടന്ന വിവാഹ ഒരുക്കസെമിനാറിൽ പങ്കെടുത്തവരുടെ ഒത്തുചേരൽ സംഘടിപ്പിക്കുന്നു. ഓരോ മാസത്തിലേയും രണ്ടു വിവാഹഒരുക്ക സെമിനാറുകളിൽ പങ്കെടുത്തവരുടെ കൂട്ടായ്മകൾ ഒരുമിച്ച് ഈ വർഷം അതാതുമാസങ്ങളിൽതന്നെ ചേരുവാനാണ് ലക്ഷ്യമിടുന്നത്. ആദ്യയോഗം 2018 ജനുവരി 14-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതൽ 2 pm വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ ചേരുന്നു. 2017 ജനുവരി മാസത്തിലെ വിവാഹഒരുക്കസെമിനാറിൽ പങ്കെടുത്തവരാണ് (വിവാഹം കഴിഞ്ഞവരാണെങ്കിൽ ജീവിതപങ്കാളിയോടൊപ്പം) പ്രസ്തുത കൂട്ടായ്മയിൽ പങ്കെടുക്കേണ്ടത്. കുടുംബജീവിതത്തിലെ ആനുകാലിക പ്രശ്നങ്ങൾ ചർച്ച ചെയ്യാനും പ്രാർത്ഥനയിൽ വളരാനും ലക്ഷ്യമിട്ടാണ് പ്രോഗ്രാം സംഘടിപ്പിക്കുന്നത്. കൂട്ടായ്മയോടനുബന്ധിച്ച് വി. കുർബാന, ദിവ്യകാരുണ്യ ആരാധന, അനുഭവങ്ങൾ പങ്കുവയ്ക്കൽ, സ്നേഹവിരുന്ന് എന്നിവയും നടത്തപ്പെടും. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് അനുഗ്രഹസന്ദേശം നൽകും.

*FA 2 /2018* **ഹോം മിഷൻ**

കുടുംബനവീകരണം ലക്ഷ്യമാക്കിയുള്ള ഹോം മിഷൻ പ്രോഗ്രാമുകൾക്ക് രൂപതാ ടീം സജ്ജമായിട്ടുണ്ട്. താല്പര്യമുള്ള വികാരിയച്ചന്മാർ ഫാമിലി അപ്പോസ്റ്റലേറ്റ് ഓഫീസുമായി ബന്ധപ്പെടുമല്ലോ.

*FA 3 /2018* **രൂപതാ എക്സിക്യൂട്ടീവ്**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ എക്സിക്യൂട്ടീവ് ജനുവരി 17-ന് രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെടുന്നു.

*FA 4 /2018* **രാത്രിആരാധന**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിലുള്ള രാത്രി ആരാധന ജനുവരി 12 വെള്ളി വൈകിട്ട് 6 മുതൽ രാത്രി 1 മണിവരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

*FA 5 /2018* **കുടുംബനവീകരണ ധ്യാനം**

കുടുംബജീവിതക്കാർക്കായുള്ള നവീകരണധ്യാനം ജനുവരി 19 വെള്ളി വൈകിട്ട് 4 മുതൽ 31-ാം തീയതി വൈകിട്ട് 5 വരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽ.

*FA 6/2018* **Marriage Preparation Courses in Kerala, January 2018**

| DIOCESE / ARCHDIOCESE - PHONE NUMBER | | 1st | Week 2nd | Week 3rd | Week 4th | Week |
|---|---|---|---|---|---|---|
| Alappuzha | 8113934970 | | 12-14 | | | |
| Changanacherry | 0481-2424476 | 1-3 | 12-14 | 22-24 | 29-31 | |
| Ernakulam (Kaloor) | 0484-2533077 | 1-3 | 7-9 | 15-17 | 21-23 | 29-31 |
| Ernakulam (Kalady) | 0484-2462607 | 2-4 | | 16-18 | 23-25 | |
| Idukki | 04864222632,9447777935 | | 15-17 | | 26-28 | |
| Irinjalakuda | 0480-2880439,9447992216 | 2-4 | 15-17 | 22-24 | 29-31 | |
| Kanjirappally | 0482-8205628,9497096431 | 1-3 | | 18-20 | 25-27 | |
| Kannur | 8281094466 | | 7-10 | | | |
| Kochi (Latin) | 0484-2328077,8547723791 | | 11-14 | 25-28 | 8-11 | |
| Kollam (Latin) | 0474-2749349,9645671314 | 3-5 | 10-12 | | 24-26 | |
| Kothamangalam | 0485-2989222,9495011191 | 3-5 | | 17-19 | | |
| Kottappuram (Latin) | 0480-2807733,9446605551 | 3-5 | | | | |
| Kottayam | 0481-2790947,9495080049 | 1-3 | | 18-20 | | |
| Kozhikkode | 9349437053 | | | | | |
| Mananthvady | 0493-5241335,9567764944 | | 7-10 | | 26-29 | |
| Mavelikkara (Malankara) | 9447280528 | | 12-14 | | | |
| Neyyattinkara (Latin) | 9447005093 | | 10-12 | | | |
| Palai | 0482-2210049 | 1-3 | | 15-17 | 29-31 | |
| Palakkad | 8281340073 | 1-4 | | | 5-8 | |
| Pathanamthitta | 9496806089 | | 12-14 | | | |
| Sulthanpett | 9495911256 | | 21-22 | | | |
| Thalassery | 0490-2343414,9446679001 | | 9-11 | 16-18 | 23-25 | |
| Thamarassery | 0495-2730860,9495693810 | | 9-12 | | | |
| Thiruvalla | 9895556074 | | 9-11 | | 23-25 | |
| Thiruvananthapuram(Latin) | 9895092479 | 5-7 | | | 22-24 | |
| Thiruvananthapuram(Malankara) | 8304841964 | | 12-14 | | | |
| Thrissur | 0487-2336066,9605043327 | 3-5 | 10-12 | 17-19 | 24-26 | |
| Varappuzha | 0484-2393739 | 5-7 | | 19-21 | | |
| Vijayapuram | 9447182300 | | 11-13 | | | |

*Director*

## മാതൃവേദി

*MV 1/2018* **രൂപതാ ഇലക്ഷൻ**

രൂപതാ ഇലക്ഷൻ ജനുവരി 2-ാം തീയതി 10 മണിക്ക് നടത്തപ്പെടുന്നു. സെനറ്റ് അംഗങ്ങൾക്ക് മാത്രമാണ് മത്സരിക്കാനുള്ള യോഗ്യത. മുഴുവൻ ഫൊറോന ഭാരവാഹികളും വോട്ടവകാശം ഉള്ളവരായിരിക്കും.



*MV 2/2018* **പാർഥേനോസ്**

മാതൃവേദിയുടെ 2016-17 സെനറ്റ് വർഷത്തിലെ രൂപതാ വാർഷികം ജനുവരി 23-ന് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെടുന്നു. മാതൃവേദി അംഗങ്ങൾ എല്ലാവരും പങ്കുകൊള്ളേണ്ടതാണ്.

*MV 3/2018* **ഉണർവ്വ്**

ഉണർവ്വിന്റെ 2-ാം ബാച്ച് ജനുവരി 30-ന് ആരംഭിക്കുന്നതാണ്. അതിലേക്ക് വരാനാഗ്രഹിക്കുന്നവർ ജനുവരി 15-ന് മുമ്പ് നെസ്റ്റിൽ മാതൃവേദി ഓഫീസിൽ അറിയിക്കേണ്ടതാണ്.

*Director*

## പിതൃവേദി

*PV 1/2018* **പിതൃവേദിയുടെ ഔദ്യോഗിക ഉദ്ഘാടനം നടത്തി**

തൊടുപുഴ ഇടവകയിൽ ഡിസംബർ 17-ാം തീയതി ഞായറാഴ്ച പിതൃവേദി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. പിതാക്കന്മാരുടെ സാന്നിധ്യംകൊണ്ടും നേതൃത്വംകൊണ്ടും സമ്മേളനം അനുഗ്രഹീതമായിരുന്നു. നേതൃത്വം നൽകിയ ബഹു. വികാരിയച്ചനും കൊച്ചച്ചന്മാർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

*DFC 1/2018* **സംസ്ഥാന കമ്മിറ്റി**

ഡിസംബർ 15 വെള്ളിയാഴ്ച കോട്ടയം ദീപിക ഓഫീസിൽ ചേർന്ന ഡി.എഫ്.സി. സംസ്ഥാന കമ്മിറ്റി യോഗത്തിൽ രൂപതയിൽ നിന്നും ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവർ പങ്കെടുത്തു. അടുത്ത ഫെബ്രുവരി മാസത്തിൽ സംസ്ഥാന വനിതാ ഫോറം സമ്മേളനവും, മെയ് മാസത്തിൽ ഡി.എഫ്.സി. സംസ്ഥാന മഹാസമ്മേളനവും നടത്തുവാൻ തീരുമാനിച്ചു.

*DFC 2/2018* **ആരക്കുഴ ഫൊറോന കൺവെൻഷൻ**

ഡിസംബർ 17 ഞായറാഴ്ച 2.30-ന് ആരക്കുഴ സെന്റ് മേരീസ് ഫൊറോനപള്ളി പാരീഷ് ഹാളിൽ വച്ച് ഡി.എഫ്.സി ആരക്കുഴ ഫെറോന കൺവെൻഷൻ നടന്നു. രൂപത വികാരി ജനറാൾ മോൺ. ജോർജ് ഓലിയപ്പുറം ഉദ്ഘാടനം ചെയ്തു. ഡി.എഫ്.സി. സംസ്ഥാന

ഡയറക്ടർ ഫാ. റോയി കണ്ണഞ്ചിറ "ദീപിക കാലഘട്ടത്തിന്റെ ആവശ്യം" എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. ഫൊറോനയിലെ എല്ലാ ഇടവകകളിൽ നിന്നുമായി വികാരിയച്ചന്മാർ ഉൾപ്പെടെ 267 പേർ പങ്കെടുത്തു.

*DFC 3/2018* **ഡി.എഫ്.സി വിമൻസ് ഫോറം യോഗം**

ഡിസംബർ 19 ചൊവ്വാഴ്ച 2.30-ന് മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാതലത്തിൽ വിമൻസ് ഫോറം രൂപീകരിച്ചു. അടുത്ത മാസം നടക്കുവാനിരിക്കുന്ന വിമൻസ് ഫോറം രൂപത കൺവെൻഷന്റെ നടത്തിപ്പിനായി വിവിധ കമ്മിറ്റികൾ രൂപീകരിച്ചു.

രൂപതാ ഭാരവാഹികൾ : ഷീല രാജു (പ്രസിഡന്റ്), ശാന്ത എബ്രാഹം (വൈ. പ്രസിഡന്റ്), റോസിലി ജേക്കബ് (വൈ. പ്രസിഡന്റ്), മിനി മാനുവൽ (സെക്രട്ടറി), ലൂസി മൈക്കിൾ (ജോ. സെക്രട്ടറി), കുസുമം ജോൺ (ജോ. സെക്രട്ടറി), പ്രീത സാജി (ട്രഷറർ), കമ്മിറ്റിയംഗങ്ങൾ - റെജി അബ്രാഹം, ആൻസി ബെന്നി, ഫിലോ ജിജി, മെറ്റി ടോമി, കൊച്ചുറാണി ടോമി, സൗമ്യ റെജി. സി. ലിസ്സി ജേക്കബ്, മേരി മാടപ്പിള്ളിക്കുന്നേൽ

*DFC 4/2018* **ട്രഷറർ, ഷെയർ ഹോൾഡേഴ്സ് രൂപതാതല യോഗം**

ഇടവക ട്രഷറർ, ഷെയർ ഹോൾഡർ പ്രതിനിധി എന്നിവരുടെ രൂപതാതലയോഗം ഡിസംബർ 22 വെള്ളിയാഴ്ച 4.30 pm-ന് മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. രൂപതാ വികാരി ജനറാൾ മോൺ. ജോർജ് ഓലിയപ്പുറം സമ്മേളനം ഉദ്ഘാടനം ചെയ്തു. ദീപിക പ്രമോഷൻ സൊസൈറ്റി അംഗങ്ങളുടെ ജനറൽ കമ്മിറ്റി കൂടാനും ഇടവകകളിൽ പത്രപ്രചരണം ശക്തിപ്പെടുത്താനും സാമുദായിക ഐക്യം ദൃഢീകരിക്കുവാനും ആഹ്വാനങ്ങൾ ഉണ്ടായി.

*DFC 5/2018* **ദീപിക ദിനാചരണം**

ഡിസംബർ 10 ഞായറാഴ്ച ആരക്കുഴ ഇടവകയിൽ ദീപിക ദിനാചരണം നടത്തുകയും ഡി.എഫ്.സി. ഭാരവാഹികൾ, പാരീഷ് കൗൺസിൽ അംഗങ്ങൾ, കുടുംബക്കൂട്ടായ്മ ഭാരവാഹികൾ തുടങ്ങിയവർ ചേർന്ന് എല്ലാ വാർഡുകളിലും ഭവനസന്ദർശനം നടത്തുകയും ചെയ്തു.

*DFC 6/2018* **കാളിയാർ ഫൊറോനയ്ക്ക് രൂപത സെലഗേറ്റ്സ്**

ശ്രീ. ജിബോയിച്ചൻ വടക്കൻ, ജോയി നടുക്കുഴി, ടോം ജെ. കൊല്ലറയ്ക്കൽ തുടങ്ങിയവരെ കാളിയാർ ഫൊറോനയിലെ DFC പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ രൂപതാ സമിതി നിയോഗിച്ചു.

*Co-ordinator*



# യുവദീപ്തി

*YD 1/2018* **രൂപതാ വാർഷിക കൗൺസിൽ**

യുവദീപ്തി - കെ.സി.വൈ.എം ന്റെ 2017 പ്രവർത്തനവർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും, 2018 പ്രവർത്തനവർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനുമുള്ള രൂപതാ വാർഷിക കൗൺസിൽ 2018 ജനുവരി 6, 7 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. 6-ാം തീയതി വൈകിട്ട് 4 മുതൽ 7-ാം തീയതി ഉച്ചകഴിഞ്ഞ് 3 വരെയാണ് കൗൺസിൽ നടക്കുക. എല്ലാ കൗൺസിൽ അംഗങ്ങളും പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

# ജീസസ് യൂത്ത്

*JY 1/2018* **കൾച്ചറൽ എക്സ്ചേഞ്ച്**

നാഷണൽ ജീസസ് യൂത്ത് എല്ലാ വർഷവും നടത്തിവരുന്ന കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ ഭാഗമായി ഈ വർഷവും 25 കുട്ടികൾ ആന്ധ്രാപ്രദേശിൽ നിന്ന് 23-12-2017-ന് എത്തിചേർന്നു. ഇഞ്ചൂർ ഇടവകയിലും കലൂർ ഇടവകയിലും അവർ ഒരാഴ്ചയോളം ചിലവഴിച്ചു.

*JY 2/2018* **സോണൽ ഗാതറിംഗ്**

23-12-2017 -ന് ജീസസ് യൂത്ത് കോതമംഗലം സോണിലെ അംഗങ്ങൾ ഒരുമിച്ച് കൂടുകയും ക്രിസ്തുമസ് ആഘോഷിക്കുകയും കൾച്ചറൽ എസ്ക്ചേഞ്ച് കുട്ടികളെ സ്വാഗതം ചെയ്യുകയും ചെയ്തു.

*JY 3/2018* **ജീസസ് യൂത്ത് നിർമലകോളേജ് അലുമ്നി**

1986 മുതൽ ഉള്ള ജീസസ് യൂത്തുകളെ ഒരുമിച്ച് കൂട്ടി ഡിസംബർ 27-ന് മൂവാറ്റുപുഴ നിർമ്മല കോളേജിൽ അലുമ്നി മീറ്റ് നടത്തി. ആനിമേറ്റർ സിസ്റ്റേഴ്സിനെ ആദരിക്കുകയും ചെയ്തു.

*JY 4/2018* **നൈറ്റ് വിജിൽ**

ജീസസ് യൂത്ത് കോതമംഗലം സോണിന്റെ നേതൃത്വത്തിൽ ഡിസംബർ 15-ന് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നൈറ്റ് വിജിൽ നടത്തി.

*Animator*

# ഓൾ കേരള കാത്തലിക് കോൺഗ്രസ്

*AKCC 1/2018* **കർമ്മപദ്ധതി പ്രഖ്യാപനം**

പുതിയതായി ചുമതലയേറ്റ കത്തോലിക്ക കോൺഗ്രസ് കോതമംഗലം രൂപതാ സമിതി അടുത്ത മൂന്നുവർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കർമ്മപദ്ധതികൾ പ്രഖ്യാപിക്കപ്പെട്ടു. 02-12-2017-ൽ വാഴക്കുളം സെന്റ് ജോർജ്ജ് ഫൊറോന പള്ളി പാരീഷ് ഹാളിൽ ചേർന്ന കത്തോലിക്ക കോൺഗ്രസിന്റെ രൂപതാസമ്മേളനത്തിൽ രൂപത പ്രസിഡന്റ് ശ്രീ. ഐപ്പച്ചൻ തടിക്കാട്ടാണ് കർമ്മപദ്ധതി പ്രഖ്യാപിച്ചത്.

സമ്മേളനം ഉദ്ഘാടനം ചെയ്തത് കോതമംഗലം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ പിതാവാണ്. പത്തിന കർമ്മപദ്ധതികൾ ആണ് പ്രഖ്യാപിക്കപ്പെട്ടത്. 1) സൺഡേ മാർക്കറ്റുകൾ 2) ജൈവകൃഷി പ്രോത്സാഹനം 3) മൂല്യവർദ്ധിത ഉല്പന്നങ്ങൾ 4) ഭവനസന്ദർശനം 5) മാലിന്യസംസ്കരണം 6) ജലസംരക്ഷണം 7) പഞ്ചായത്ത് സമിതികൾ 8) മദ്യവർജനം 9) ജനകീയ പ്രശ്നങ്ങൾ ഏറ്റെടുക്കൽ 10) സുവിശേഷവൽക്കരണം മിഷൻ മേഖലകളിൽ. സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തിയത് കത്തോലിക്ക കോൺഗ്രസ് ഡയറക്ടറും രൂപത വികാരി ജനറാളുമായ മോൺ. ജോർജ്ജ് ഓലിയപ്പുറം ആണ്.

*AKCC 2/2018* **ബിജു പറയന്നിലത്തിന് സ്വീകരണം**

സീറോ മലബാർ സഭ വളർന്ന് ഇന്ന് ലോകമെമ്പാടും വ്യാപിച്ചു കിടക്കുന്നു. സഭയുടെ അല്മായ സംഘടനയായ കത്തോലിക്കാ കോൺഗ്രസ്സിനും ഒരു ആഗോളമാനം കൈവന്നിരിക്കുന്നു. കത്തോലിക്ക കോൺഗ്രസ്സിന്റെ ഗ്ലോബൽ സമിതിയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട നമ്മുടെ രൂപതാംഗമായ അഡ്വ. ബിജു പറയന്നിലത്തിന് കോതമംഗലം രൂപത സ്വീകരണം നല്കി. വാഴക്കുളത്തുവച്ചു നടന്ന സമ്മേളനത്തിൽ രൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ പിതാവ് ബിജുവിനെ പൊന്നാട അണിയിച്ചു.

*AKCC 3/2018* **ഫൊറോന തിരഞ്ഞെടുപ്പുകൾ**

കത്തോലിക്കകോൺഗ്രസ് കോതമംഗലം രൂപതയിൽ ഫൊറോന സമിതികൾ പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി മൂവാറ്റുപുഴ, പൈങ്ങോട്ടൂർ, മുതലക്കോടം ഫൊറോനകളിൽ പുതിയ ഫൊറോന സമിതികൾ ചുമതലയേറ്റു.



*AKCC 4/2018* **നേതൃത്വസമ്മേളനവും കേന്ദ്രസമിതിസ്ഥാനാരോഹണവും**

കത്തോലിക്ക കോൺഗ്രസ്സിൽ പുതിയതായി തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റ്, ഫൊറോന, രൂപത നേതാക്കളുടെ ഒരു നേതൃത്വസമ്മേളനം 9-12-2017-ൽ സഭാ ആസ്ഥാനമായ കാക്കനാട്ട് സെന്റ് തോമസ് മൗണ്ടിൽ വച്ച് നടത്തുകയുണ്ടായി. കോതമംഗലം രൂപതയിൽ നിന്ന് 152 പേർ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു.

ഈ സമ്മേളനത്തിൽ വച്ച് പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ഗ്ലോബൽ സമിതി കത്തോലിക്കകോൺഗ്രസ് ബിഷപ് ഡെലഗേറ്റ് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് മുമ്പാകെ സത്യവാചകം ചൊല്ലി ചുമതലയേറ്റു.

*AKCC 5/2018* **'ഓഖി' ദുരന്തമേഖല സന്ദർശിച്ചു**

കത്തോലിക്ക കോൺഗ്രസ് കോതമംഗലം രൂപത സമിതിയുടെ ആഭിമുഖ്യത്തിൽ ഓഖി ചുഴലിക്കാറ്റിൽ ദുരിതം അനുഭവിക്കുന്ന ദുരന്തമേഖലയായ ചെല്ലാനം സന്ദർശിക്കുകയുണ്ടായി. ഓഖിചുഴലിക്കാറ്റ് സംഹാരതാണ്ഡവമാടിയ ഈ പ്രദേശത്തെ ജനങ്ങൾ ഇന്ന് വളരെ ദുരിതത്തിലാണ്. അവരെ നേരിൽ കണ്ട് സമാശ്വസിപ്പിക്കാനും ചെറിയ സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കാനും രൂപതാ സമിതിക്ക് സാധിച്ചു.

രൂപതാ സമിതിയുടെ ഒരു എളിയസംഭാവനയായ പതിനായിരം (10,000) രൂപ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന റവ. ഫാ. മൈക്കിളിനെ ഏല്പിച്ചു.

*Director*

# ഇൻഫാം

*INF 1 /2018* **അടിസ്ഥാന ഇറക്കുമതി വില എല്ലാ ഉല്പന്നങ്ങൾക്കും പ്രഖ്യാപിക്കണം: ഇൻഫാം**

വിവിധ രാജ്യങ്ങളിൽ നിന്നുള്ള കുരുമുളകിന്റെ ഇറക്കുമതിക്ക് അടിസ്ഥാന ഇറക്കുമതി വില കിലോ ഗ്രാമിന് 500 രൂപയായി നിശ്ചയിക്കണമെന്ന സ്പൈസസ് ബോർഡിന്റെ ശുപാർശ അംഗീകരിച്ച കേന്ദ്ര സർക്കാർ തീരുമാനം വിലത്തകർച്ചയിൽ പ്രതിസന്ധിയിലായ കർഷക സമൂഹത്തിന് ആശ്വാസമേകുന്നുവെന്നും ശുപാർശയിന്മേൽ സർക്കാർ ഉത്തരവ് ഉടൻ പുറത്തിറക്കണമെന്നും ഇന്ത്യൻ ഫാർമേഴ്സ് മൂവ്മെന്റ് (ഇൻഫാം) ആവശ്യപ്പെട്ടു.

വിയറ്റ്നാം, ഇന്തോനേഷ്യ തുടങ്ങി വിവിധ ആസിയാൻ രാജ്യങ്ങളിൽ നിന്ന് നിലവാരം കുറഞ്ഞ കുരുമുളകിന്റെ നിയന്ത്രണമില്ലാത്ത

ഇറക്കുമതി ആഭ്യന്തരവിപണിയിൽ വൻ വിലയിടിവിന് ഇട നൽകി. കുരുമുളക് കൃഷിക്കാരെ വൻപ്രതിസന്ധിയിലേക്ക് തള്ളിവിട്ട് ഒറ്റ വർഷത്തിനുള്ളിൽ 35 ശതമാനത്തോളം വിലത്തകർച്ച നേരിട്ടു. ആസിയാൻ രാജ്യങ്ങളിൽ നിന്ന് ശ്രീലങ്കവഴി കുറഞ്ഞ ഇറക്കുമതിച്ചുങ്കത്തിൽ കുരുമുളക് ഇറക്കുമതി ചെയ്യാൻ അനുവദിക്കുന്നു. സാർക്ക് രാജ്യങ്ങളുമായുള്ള സ്വതന്ത്ര വ്യാപാരക്കരാറും ഇതിനവസരം സൃഷ്ടിച്ചു.

വാല്യു അഡീഷൻ ഫോർ റീ എക്സ്പോർട്ട് സ്കീമിന്റെ പേരിൽ ഇറക്കുമതിക്കാർ കുരുമുളക് ഇറക്കുമതി ചെയ്തിട്ട് സംസ്കരിച്ച് കയറ്റുമതി ചെയ്യണമെന്നാണ് വ്യവസ്ഥയെന്നിരിക്കെ ഇറക്കുമതിയുല്പന്നം ആഭ്യന്തരവിപണിയിൽ വിറ്റഴിക്കുന്ന നടപടിയിൽ ഇന്ത്യയിലെ വിവിധ കർഷകസംഘടനകൾ സംഘടിച്ച് രംഗത്തുവന്നതോടെയാണ് കേന്ദ്ര സർക്കാർ ഇടപെടലിന് തയ്യാറായത്. ഇന്ത്യൻ ഫാർമേഴ്സ് മൂവ്മെന്റ് (ഇൻഫാം)ന്റെ നേതൃത്വത്തിലും കേന്ദ്രവാണിജ്യ മന്ത്രാലയത്തിൽ നിവേദനം നൽകുകയും കഴിഞ്ഞ നാളുകളിൽ നിരവധി തവണ ആവശ്യപ്പെടുകയും ചെയ്തിരുന്നു.

ഇൻഫാം സംസ്ഥാന ഡയറക്ടർ ഫാ. ജോസ് മോനിപ്പിള്ളിയുടെ അധ്യക്ഷതയിൽ ദേശീയ സെക്രട്ടറി ജനറൽ ഷെവലിയാർ അഡ്വ. വി.സി. സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണം നടത്തി. ഇൻഫാം സംസ്ഥാന കൺവീനർ ജോസ് എടപ്പാട്ട, വൈസ് ചെയർമാൻ കെ. മൈതീൻ ഹാജി, ദേശീയ ട്രസ്റ്റി ഡോ. എം.സി. ജോർജ്, ട്രഷറർ ജോയി തെങ്ങുംകുടി എന്നിവർ സംസാരിച്ചു.

അടയ്ക്കാ ഇറക്കുമതിക്കും കേന്ദ്രസർക്കാർ ഇത്തരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കേരളം, കർണ്ണാടക, തമിഴ്നാട് സംസ്ഥാനങ്ങളിലെ കർഷകസംഘടനകൾ നടത്തിയ സംയുക്തനീക്കമാണ് ഇപ്പോൾ ഫലം കണ്ടിരിക്കുന്നത്. റബർ കർഷകരുടെ രക്ഷയ്ക്കായി ഈ രീതിയിൽ കേന്ദ്രസർക്കാരിന്റെ ഇടപെടലിന് അവസരമുണ്ടെന്നിരിക്കെ വിവിധ കർഷക പ്രസ്ഥാനങ്ങൾ സംയുക്തമായി സംഘടിച്ചു നീങ്ങുവാൻ മുന്നോട്ടുവരണമെന്നും ഇൻഫാം സമ്മേളനം അഭ്യർത്ഥിച്ചു.

*Director*

## എമ്മാനുവൽ റിട്രീറ്റ് സെന്റർ

*ERC 1/2018* **നവംബർ മാസത്തിലെ ദിവ്യകാരുണ്യആരാധന**

എമ്മാനുവേൽ ധ്യാനകേന്ദ്രത്തിൽ 2017 നവംബർ മാസത്തെ ദിവ്യകാരുണ്യ രാത്രി ആരാധന 24-11-2017 വെള്ളിയാഴ്ച നടന്നു. രാവിലെ 9.00 മണിക്ക് ദിവ്യകാരുണ്യ പ്രതിഷ്ഠയോടെ ശുശ്രൂഷകൾ ആരംഭിച്ചു. മദ്ധ്യസ്ഥപ്രാർത്ഥന, കുരിശിന്റെ വഴി, കൗൺസിലിംഗ്, കുമ്പസാരം, വചനപ്രഘോഷണം, വി. കുർബാനയോടെ രാത്രി 10.30 -ന് ശുശ്രൂഷകൾ സമാപിച്ചു. വചനപ്രഘോഷണം നയിച്ചത് റവ. ഫാ. ഔസേപ്പച്ചൻ നെടുംപുറം (സെന്റ് ജോസഫ് മൈനർ സെമിനാരി, കോതമംഗലം) ആയിരുന്നു.



*ERC 2/2018* **2018 ജനുവരി മാസത്തിലെ ശുശ്രൂഷകൾ**

എല്ലാ തിങ്കൾ, ചൊവ്വ, ശനി ദിവസങ്ങളിലും ഉച്ചയ്ക്ക് 2.00 മണിമുതൽ ആരാധന, മാദ്ധ്യസ്ഥ്യപ്രാർത്ഥന, കുരിശിന്റെ വഴി, 5 മണിക്ക് വി. കുർബാന.

ബുധനാഴ്ചകളിൽ രാവിലെ 9.00 മണി മുതൽ ആരാധന, മാദ്ധ്യസ്ഥ്യപ്രാർത്ഥന, അഖണ്ഡ ജപമാല, 5.00 മണിക്ക് വി. കുർബാന.

വ്യാഴാഴ്ചകളിൽ ഉച്ചയ്ക്ക് 2.00 മണിമുതൽ ആരാധന, മാദ്ധ്യസ്ഥ്യപ്രാർത്ഥന, കുരിശിന്റെ വഴി. വൈകിട്ട് 5.00 മണിക്ക് വി. കുർബാന. 6.30 മുതൽ വചനപ്രഘോഷണം, ആരാധന, രാത്രി 8.30-ന് ഭക്ഷണത്തോടെ ശുശ്രൂഷകൾ അവസാനിക്കും.

വെള്ളിയാഴ്ചകളിൽ രാവിലെ 9.00 മണി മുതൽ ആരാധന, മാദ്ധ്യസ്ഥ്യപ്രാർത്ഥന, കുമ്പസാരം, കൗൺസലിംഗ്, രാവിലെ 11.00 മണിക്ക് വചനപ്രഘോഷണം, തുടർന്ന് കുരിശിന്റെ വഴി. ഉച്ചകഴിഞ്ഞ് 3.00 മണിക്കും 5.00 മണിക്കും വി. കുർബാന. ഉപ്പ്, വെള്ളം, ഭക്തവസ്തുക്കൾ എന്നിവയുടെ വെഞ്ചരിപ്പ്.

മാസാവസാന വെള്ളിയാഴ്ച 26-01-2018 ദിവ്യകാരുണ്യരാത്രി ആരാധന, രാവിലെ 9.00 മണിക്ക് ദിവ്യകാരുണ്യപ്രതിഷ്ഠ, മദ്ധ്യസ്ഥപ്രാർത്ഥന, ജപമാല, കൗൺസലിംഗ്, കുമ്പസാരം, കുരിശിന്റെ വഴി. വൈകിട്ട് 6.30-ന് വചനപ്രഘോഷണം, രാത്രി 8.30-ന് വി. കുർബാനയോടെ രാത്രി 10.30-ന് ശുശ്രൂഷകൾ സമാപിക്കും.

*Director*

## അല്മായഫ്രാൻസിസ്കൻ സഭ

*SFO 1/2018* **ഫോർമേഷൻ ക്ലാസ്സ് നടത്തി**

സെന്റ് ഫ്രാൻസിസ് റീജിയണിൽ ഒരു ഫോർമേഷൻ ക്ലാസ് കഴിഞ്ഞ നവംബർ 3-ന് മൂവാറ്റുപുഴ നിർമ്മല സദനിൽ വച്ച് നടത്ത

പ്പെട്ടു. രാവിലെ 9.00 -ന് ആരംഭിച്ച ക്ലാസ് രൂപത സ്പിരിച്വൽ അസിസ്റ്റന്റ് ബഹു. ഫാ. ജോബി കരിക്കംപള്ളിച്ചിറ OFM Cap നയിച്ചു. റീജിയണിൽ നിന്നും 50-ഓളം പേർ പങ്കെടുത്തു. 5 ഭ്രാതൃത്വങ്ങൾ ഉൾപ്പെടുന്ന സെന്റ് ഫ്രാൻസിസ് റീജിയണിന്റെ പ്രസിഡന്റ് ബ്രദർ അരുൺ കെ. ജോർജ്, കാടുകുടി ഫോർമേഷൻ ക്ലാസിന് വേണ്ട എല്ലാവിധ ഒരുക്കങ്ങളും നടത്തി. പ്രസ്തുത പ്രോഗ്രാമിന്റെ ആവശ്യകത മനസ്സിലാക്കിയ അംഗങ്ങൾ മറ്റു രണ്ടു റീജിയണിലും കൂടി ക്ലാസ് നടത്തുന്നതിനേക്കുറിച്ച് അഭിപ്രായപ്പെട്ടു. 1.00 pm ന് ഫോർമേഷൻ ക്ലാസ്സ് അവസാനിച്ചു.

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 1/2018* **സോണൽ പുനഃസംഘടന**

കരിസ്മാറ്റിക് മുന്നേറ്റം കോതമംഗലം സോണിന്റെ പുനഃസംഘടനയ്ക്ക് ഡിസംബർ 16 തിങ്കളാഴ്ച കാരക്കുന്നം KCCRST ചെയർമാൻ റവ. ഫാ. വറുഗീസ് മുണ്ടയ്ക്കൽ, കോതമംഗലം സോണൽ ആനിമേറ്റർ റവ. ഫാ. ജോർജ് കുരിശുംമൂട്ടിൽ, KCCRST ടീം അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

ജോൺസൺ കുഞ്ഞിലക്കാട്ട് പൈങ്ങോട്ടൂർ, രാജേഷ് പിട്ടാപ്പിള്ളിൽ നെടുങ്ങപ്ര, എ.ജെ. ജോയി തൃക്കാരിയൂർ, മാത്യൂസ് വെമ്പിള്ളിൽ പൈങ്ങോട്ടൂർ, ജോൺസൺ കാനത്തിൽ തൊടുപുഴ, അഗസ്റ്റിൻ എം.എ. കല്ലൂർക്കാട്, മോളി ബോബൻ പൂയംകുട്ടി, മേരി കളരിക്കൽ പുറപ്പുഴ, വത്സമ്മ ജെയിംസ് നെടുങ്ങാട്ട് മുതലക്കോടം എന്നിവരെ സോണൽ സേവന സമിതി അംഗങ്ങളായി തെരഞ്ഞെടുത്തു.

*PG 2/2018* **ദമ്പതീധ്യാനം**

കോതമംഗലം കത്തീഡ്രൽ പാരീഷ് ഹാളിൽ നവംബർ 24 വെള്ളിയാഴ്ച ദമ്പതീധ്യാനം നടന്നു. റവ. ഫാ. സുരേഷ് ജോസ് OFM. Cap. വചനപ്രഘോഷണവും കോതമംഗലം രൂപതാ മെത്രാൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് അനുഗ്രഹപ്രഭാഷണവും നടത്തി. ഇരുന്നൂറ്റി അമ്പതോളം പേർ സംബന്ധിച്ച ശുശ്രൂഷകൾക്ക് കോതമംഗലം സബ് സോൺ സർവീസ് ടീം അംഗങ്ങൾ നേതൃത്വം നൽകി.



*PG 3/2018* **കുടുംബസംഗമം**

നവീകരണമുന്നേറ്റത്തിലൂടെ 20 വർഷം മുമ്പ് മാമ്മോദീസ സ്വീകരിച്ച്, കത്തോലിക്കാവിശ്വാസത്തിലൂടെ മുന്നോട്ട് പോകുന്ന 7 കുടുംബങ്ങളുടെ കൃതജ്ഞതാസമ്മേളനം മുതലക്കോടം പാരീഷ് ഹാളിൽ നടന്നു.

ഡിസംബർ 1-ന് രാവിലെ 10 മണിക്ക് ആരംഭിച്ച സമ്മേളനം വൈകിട്ട് 4-ന് വി. കുർബാനയോടെ അവസാനിച്ചു. റവ. ഫാ. ജോർജ് കുരിശുംമൂട്ടിൽ വചനസന്ദേശം നൽകി ജീവിതാനുഭവങ്ങളുടെ പങ്കുവയ്ക്കൽ, ചർച്ചകൾ എന്നിവയ്ക്ക് പ്രാർത്ഥനാഗ്രൂപ്പ് സോണൽ കോ-ഓർഡിനേറ്റർ സോജൻ കെ. പോൾ നേതൃത്വം നൽകി.

*PG 4/2018* **പ്രീച്ചേഴ്സ് ആന്റ് കൗൺസിലേഴ്സ് സർട്ടിഫിക്കറ്റ് വിതരണം**

കോതമംഗലം രൂപതയിലെ വചനപ്രഘോഷകർക്കും, ആത്മീയ ഉപദേഷ്ടാക്കൾക്കും, രൂപതയുടെ അംഗീകാരമുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി അതാത് ഇടവകയുടെ വികാരിമാരുടെ അടുത്തുനിന്നും അപേക്ഷാ ഫോറം വാങ്ങി പൂരിപ്പിച്ച് വികാരിമാരുടെ ശുപാർശകത്ത് സഹിതം കോതമംഗലം രൂപതാ കൂരിയ ഓഫീസിൽ എത്തിക്കേണ്ടതാണ്. 2018 ജനുവരി 31-ന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

*Director*

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 1 /2018* **സുവർണ്ണ ജൂബിലി സമാപനം**

കോടിക്കുളം സെന്റ് ആൻസ് കോൺഫ്രൻസിന്റെ സുവർണ്ണജൂബിലി സമാപനം പ്രസിഡന്റ് ബ്ര. പി. എൽ. ലൂക്കായുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് അഭിവന്ദ്യപിതാവ് മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. ഇടവക വികാരി റവ. ഫാ. ഫ്രാൻസീസ് കാരികുന്നേൽ സ്വാഗതം ആശംസിച്ചു. സൊസൈറ്റിയുടെ ധനസഹായത്തോടെ നിർമ്മിച്ച ജൂബിലി ഭവനത്തിന്റെ താക്കോൽദാനം അഭിവന്ദ്യപിതാവ് നിർവഹിച്ചു. നാഷണൽ കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. ഡോ. ജോൺസൺ വർഗീസ് മുഖ്യപ്രഭാഷണവും നാഷണൽ

കൗൺസിൽ ആദ്ധ്യാത്മീക ഉപദേഷ്ടാവ് റവ. ഫാ. സ്റ്റനിസ്ലാവൂസ് കുന്നേൽ അനുഗ്രഹപ്രഭാഷണവും നടത്തി. പുതുതായി രൂപീകരിക്കപ്പെട്ട കോടിക്കുളം, കൊടുവേലി യൂത്ത് കോൺഫ്രൻസുകളുടെ ഉദ്ഘാടനം സി.സി. പ്രസിഡന്റ് ബ്ര. ബാബു കുമ്പളാങ്കൽ നിർവഹിച്ചു. നാഷണൽ കൺസീലിയേഷൻ കമ്മറ്റി ചെയർമാൻ ബ്ര. പി.കെ. ജോസഫ് 50 വർഷം പൂർത്തിയാക്കിയ പ്രവർത്തകരെ ആദരിച്ചു. കൊടുവേലി ഇടവകവികാരി റവ. ഫാ. തോമസ് മഞ്ഞക്കുന്നേൽ സി.എം.ഐ., സി.സി. സീനിയർ വൈസ് പ്രസിഡന്റ് ബ്ര. സേവ്യർ മുണ്ടന്താനം, സി.സി. സെക്രട്ടറി ബ്ര. ബേബി തെക്കേച്ചെരുവിൽ, കാളിയാർ എ.സി. പ്രസിഡന്റ് ബ്ര. സേവ്യർ കരിന്തോളിൽ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. സുവർണ്ണ ജൂബിലി സമാപനത്തോടനുബന്ധിച്ച് ഇടവകയിലെ അർഹരായ 50 പേർക്ക് ആടുകളെ വിതരണം ചെയ്തു.

*SV 2 /2018* **മെഡിക്കൽ ക്യാമ്പ്**

കരിമണ്ണൂർ ഏരിയാ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കരിമണ്ണൂർ സെന്റ് മേരീസ് പള്ളി പാരീഷ് ഹാളിൽ വച്ച് ആയുർവേദ മെഡിക്കൽ ക്യാമ്പ് നടത്തി. 350 പേർ ക്യാമ്പിൽ പങ്കെടുത്തു. റവ. ഫാ. തോമസ് കുഴിഞ്ഞാലിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഡോ. റ്റോമി ആരോഗ്യപരിപാലനത്തെ സംബന്ധിച്ച് ക്ലാസ് നയിച്ചു. ഏഴോളം ഡോക്ടർമാരുടെ സേവനം ക്യാമ്പിൽ ലഭ്യമായിരുന്നു. സൗജന്യ മരുന്നു വിതരണം നടത്തി. എ.സി. പ്രസിഡന്റ് ബെന്നി ചൂരത്തൊട്ടി നേതൃത്വം നല്കി. എസി., സി.സി. ഭാരവാഹികൾ പങ്കെടുത്തു.

*Director*

## കേരള ലേബർ മൂവ്മെന്റ്

*KLM 1/2018* **K.L.M രൂപതാഎക്സിക്യൂട്ടീവ്**

കേരളാ ലേബർ മൂവ്മെന്റ് രൂപതാ എക്സിക്യൂട്ടീവ് ജനുവരി 3 ബുധൻ രാവിലെ 10 മുതൽ 2 വരെ നെസ്റ്റ് പാസ്റ്ററൽസെന്ററിൽ ചേരും.

*KLM 2/2018* **നിവേദനം നൽകി**

ക്ഷേമനിധികളിൽ തൊഴിലാളികൾ അടയ്ക്കേണ്ട വിഹിതം 20 രൂപയിൽ നിന്ന് 100 രൂപയായി വർദ്ധിപ്പിച്ച നടപടി പിൻവലിക്കുക, നിർത്തിലാക്കിയ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുക, പെൻഷൻ



വർദ്ധിപ്പിക്കുക, ഉത്സവകാലങ്ങളിൽ തൊഴിലാളികൾക്ക് ബോണസ് നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടി K.L.M രൂപതാകൗൺസിൽ തൊടുപുഴ, കോതമംഗലം, മൂവാറ്റുപുഴ എന്നീ നിയോജകമണ്ഡലങ്ങളിൽ നിന്നുള്ള ജനപ്രതിനിധികൾക്ക് നിവേദനം നൽകി.

*KLM 3/2018* **റിസോഴ്സ് ടീം**

യൂണിറ്റ്തലത്തിൽ ഫോറങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും പരിശീലനം നൽകുന്നതിനുമായി 10 പേരടങ്ങുന്ന രൂപതാ റിസോഴ്സ് ടീമിന് രൂപം നൽകി.

*Director*

## നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

| | | |
|---|---|---|
| Jan. | 3 - 5 | - Pre-Marriage Course |
| | 7 | - Catechism Teachers' Seminar |
| " | 14 | - Couples' Gathering |
| " | 14 | - Catechism Teachers' Seminar |
| " | 17 - 19 | - Pre-Marriage Course |
| " | 23 | - മാതൃവേദി രൂപതാ വാർഷികം |
| " | 27 | - CML, New Priests' Reception |

*Director*

## തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Sebastian Arolichalil | **January** | 20 |
| " | Sebastian Kadambanatt | " | 20 |
| " | Sebastian Kanimattathil | " | 20 |
| " | Sebastian Konthempillil | " | 20 |
| " | Sebastian Namattathil | " | 20 |
| " | Sebastian Pannarakunnel | " | 20 |
| " | Sebastian Pothanamuzhi | " | 20 |
| " | Sebastian Thumbamattathil | " | 20 |
| " | Sebastian Thuruthippillil | " | 20 |
| " | Sebastian Valiyathazhathu | " | 20 |

# രൂപതാദ്ധ്യക്ഷന്റെ ഡയറി

**നവംബർ**

24 ● കത്തീഡ്രൽ ഇടവകയിൽ നടന്ന ദമ്പതീസംഗമത്തിൽ അദ്ധ്യക്ഷത വഹിച്ചു.

25 ● ആരക്കുഴ ഇടവകാംഗമായ കൊച്ചുപാലിയത്തിൽ സിബി-ബീന ദമ്പതികളുടെ നാലാമത്തെ കുട്ടിയായ ഇമെൽഡ മരിയയുടെ പ്രവേശക കൂദാശകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

● പെരുമണ്ണൂർ സെന്റ് ജോർജ് ഇടവകയിൽ പുതുതായി നിർമ്മിച്ച അൾത്താരയുടെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു.

27 ● തൊടുപുഴ ഈസ്റ്റ് ഇടവകാംഗമായ താന്നിക്കൽ ജോർജ് -റോസ്മേരി ദമ്പതികളുടെ നാലാമത്തെ കുട്ടിയായ മിയ തെരേസയുടെ പ്രവേശക കൂദാശകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

● മുതലക്കോടം സെന്റ് ജോർജ് ഹയർസെക്കന്ററി സ്കൂളിൽ പുതുതായി നിർമ്മിച്ച ബ്ലോക്കിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

● അരിക്കുഴ സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ വാർഷിക ധ്യാനത്തിന്റെ സമാപനത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

● ഈ വർഷം ജൂബിലി ആഘോഷിക്കുന്ന വൈദികർക്ക് മൈനർ സെമിനാരിയിൽ ആശംസകൾ നേർന്നു.

28 ● NESTT -ൽ നടന്ന രൂപതാതല വൈദിക കൂട്ടായ്മയിൽ ജൂബിലി ആഘോഷിക്കുന്ന വൈദികരെ ആദരിച്ചു.

29 ● മാലിപ്പാറ ഇടവകാംഗമായ സിബി-സാൽവി ദമ്പതികളുടെ നാലാമത്തെ കുട്ടിയായ ആൻനിയയുടെ പ്രവേശകകൂദാശകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

30 ● തൊടുപുഴയിൽ പുതുതായി ആരംഭിച്ച ഫിയാത്ത് മിഷൻ ഓഫീസിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

**ഡിസംബർ**

1 ● എം. എസ്.റ്റി. സൊസൈറ്റിയുടെ ഇടുക്കി, കോതമംഗലം രൂപതകളിൽ നിന്നുള്ള വൈദികരുടെ കുടുംബസംഗമത്തിൽ അടിമാലി പാസ്റ്ററൽ സെന്ററിൽ വച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

● പാലാ രൂപതാംഗമായ എലിപ്പുലിക്കാട്ട് ബഹു. സഖറിയാസച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മാനത്തൂർ ഇടവക ദൈവാലയത്തിൽ പങ്കുചേർന്നു.



● വാഴക്കുളം സെന്റ് ജോർജ് പാരീഷ് ഹാളിൽ നടന്ന A.K.C.C. യോഗത്തിൽ സന്ദേശം നൽകി.

3 ● മുള്ളരിങ്ങാട് സെന്റ്മേരീസ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

4 ● ഈ വർഷം പൗരോഹിത്യം സ്വീകരിക്കുന്ന രൂപതയിലെ ഡീക്കന്മാരുടെ മാതാപിതാക്കളുടെയും വികാരിയച്ചന്മാരുടെയും മീറ്റിംഗിൽ സന്ദേശം നൽകി.

● വാഴപ്പിള്ളി ജീവോദയ സെന്ററിൽ നടന്ന കോൺവൊക്കേഷൻ മീറ്റിംഗിൽ സന്ദേശം നൽകി.

5-6 ● KCBC

8 ● മാതാവിന്റെ അമലോത്ഭവ തിരുനാൾ ദിനത്തിൽ വാഴക്കുളം സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

9 ● ബഹു. ജോസഫ് കോയിക്കക്കുടിയച്ചന്റെ ജൂബിലിവേളയിൽ നെല്ലിമറ്റം സെന്റ് ജോസഫ്സ് ദൈവാലയത്തിൽ സന്ദേശം നൽകി.

10 ● നെടിയശാല സെന്റ് മേരീസ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

13 ● ഗുഡ്നെസ് ടിവി ചാനലിൽ ക്രിസ്മസ് സന്ദേശം നൽകി.

16 ● ബിഷപ്സ് ഹൗസിൽ വച്ച നടന്ന പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

17 ● തെന്നത്തൂർ ഫാത്തിമ മാതാ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

18 ● രാമല്ലൂർ സാൻജോയിൽ ബൈബിൾ പാരായണസമാപനത്തിൽ സന്ദേശം നൽകി.

● തിരുഹൃദയ സന്യാസിനി സമൂഹാംഗമായ സി. മരീന SH വട്ടക്കുന്നേലിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

● ആരാധനാ സന്യാസിനി സഭാംഗമായ സി. ആഞ്ചല SABS-ന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മാറിക മഠത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

19 ● ബിഷപ്സ് ഹൗസിൽവച്ചു നടന്ന പ്രിസ്ബിറ്ററൽ കൗൺസിൽ അദ്ധ്യക്ഷത വഹിച്ചു.

20 ● മൂവാറ്റുപുഴ ലിസ്യൂ സെന്ററിൽ 6 മാസക്കാലത്തെ കോഴ്സിൽ പങ്കെടുത്ത സിസ്റ്റേഴ്സിന് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു സന്ദേശം നൽകി.

# Bishop's Engagements

## January 2018

| | | | | |
|---|---|---|---|---|
| 01 | Mon | Ordination | Thommankuthu | 09.15 am |
| 02 | Tue | Ordination | Muthalakodam | 9.15 am |
| 03 | Wed | Ordination | Muvattupuzha East | 9.15 am |
| | | Juniors' gathering | S.D. Provincial house | 6.00 pm |
| 04 | Thu | Ordination | Perumbillichira | 9.15 am |
| 06 | Sat | | To Hyderabad | 9.50 pm |
| 07-13 | | Synod | | |
| 14 | Sun | Holy Qurbana | Vadakkumury | 4.00 pm |
| 15 | Mon | Jubilee Seminar | MST Kottayam | 9.30 am |
| 16 | Tue | Death Anniversary | Nediasala | 10.30 am |
| 17 | Wed | Batch Gathering | | |
| 20 | Sat | School Jubilee | Oonnukal | 2.30 pm |
| | | Blessing of Parish Hall | Kolady | 4.30 pm |
| 21 | Sun | Pastoral Visit | Thazhuvankunnu | |
| 22 | Mon | Holy Qurbana | Muvattupuzha Holy Family | 6.30 am |
| 23 | Tue | Holy Qurbana | CSN Novitiate House | 6.30 am |
| 24 | Wed | Santa Casa | Meeting | 1.00 pm |
| 26 | Fri | Benefactors Day | Minor Seminary | 11.00am |
| 27 | Sat | Holy Qurbana | CST | 3.30 pm |
| 28 | Sun | Holy Qurbana | Kalayanthani | 4.00 pm |
| 29 | Mon | മാതൃവേദി | ഉണർവ് | 10.00 am |
| | | | DFC Meeting | 6.00 pm |
| 30 | Tue | Presbyterium | NESTT | |
| | | Consecration of the Church | Mathirappilly | 2.30 pm |
| 31 | Enagaged | | | |

# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. അഗസ്റ്റിൻ പള്ളിക്കുന്നേൽ | ചരമദിനം | 01-02-2011 |
| ഫാ. ജോർജ് പുഞ്ചേക്കുന്നേൽ | ” | 03-02-2014 |
| ഫാ. മാത്യു മുണ്ടയ്ക്കൽ (ഈശോ അച്ചൻ) | ചരമദിനം | 10-02-2016 |
| ഫാ. ജോസഫ് പാറയിൽ | ” | 12-02-2017 |
| ഫാ. ജോസ് പുന്നോലിൽ | ” | 14-02-1996 |
| ഫാ. ജേക്കബ് നെടുങ്കല്ലേൽ | ” | 17-02-2007 |
| ഫാ. ജോൺ വലിയമറ്റം | ” | 19-02-1999 |
| ഫാ. മാത്യു കുന്നത്ത് | ” | 25-02-1998 |
| ഫാ. തോമസ് തോളത്തിൽ | ” | 26-02-2000 |
| ഫാ. ജോർജ് കാഞ്ഞിരക്കൊമ്പിൽ | ” | 29-02-2016 |



# നിര്യാതരായി

### റവ. സി. മേരി സിബിയ നമ്പ്യാപറമ്പിൽ SH

| | | |
|---|---|---|
| ഇടവക | : | കാളിയാർ |
| ജനനം | : | 24-01-1933 |
| ആദ്യവ്രതം | : | 02-05-1959 |
| നിത്യവ്രതം | : | 02-05-1962 |
| മരണം | : | 28-11-2017 |
| മൃതസംസ്കാരം | : | 29-11-2017 |

### റവ. സി. ആഞ്ചല SABS (അടപ്പൂർ)

| | | |
|---|---|---|
| ഇടവക | : | കല്ലൂർ |
| ജനനം | : | 22-09-1925 |
| ആദ്യവ്രതം | : | 15-05-1951 |
| നിത്യവ്രതം | : | 23-05-1955 |
| മരണം | : | 17-12-2017 |
| മൃതസംസ്കാരം | : | 18-12-2017 (മാറിക) |

### റവ. സി. മരീന വട്ടക്കുന്നേൽ SH

| | | |
|---|---|---|
| ഇടവക | : | ഏഴല്ലൂർ |
| ജനനം | : | 15-12-1937 |
| ആദ്യവ്രതം | : | 02-05-1957 |
| നിത്യവ്രതം | : | 02-05-1960 |
| മരണം | : | 16-12-2017 |
| മൃതസംസ്കാരം | : | 18-12-2017 |